സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
**മഹിളാവീഥി** മാഗസിൻ

# പീപ്പിൾസ് റിവ്യൂ

സത്യാന്ന പ്രമദിതവ്യം
Estd : 2007
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിനു പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ** മാഗസിൻ

2024 ഏപ്രിൽ 18 വ്യാഴം | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ

## കെ റെയിൽ പദ്ധതി അട്ടിമറിക്കാൻ പണം വാങ്ങിയെന്ന പി വി അൻവറിൻറെ ആരോപണം

## പ്രതിപക്ഷ നേതാവിനെതിരായ ഹർജി തള്ളി

കോഴിക്കോട്: പ്രതിപക്ഷ നേതാവ് വി ഡി സതീശനെതിരായ ഹർജി തിരുവനന്തപുരം വിജിലൻസ് കോടതി തള്ളി. സിൽവർ ലൈൻ പദ്ധതി അട്ടിമറിക്കാൻ ശ്രമിച്ചെന്ന ആരോപണത്തിൽ വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ടുള്ള ഹർജിയാണ് തള്ളിയത്. പി വി അൻവർ നിയമസഭയിൽ ഉന്നയിച്ച ആരോപണത്തിന്റ അടിസ്ഥാനത്തിലായിരുന്നു ഹർജി. അൻവറിന്റെ ആരോപണത്തിൽ പൊതു പ്രവർത്തകൻ ഹാഫിസ് ആയിരുന്നു ഹർജി നൽകിയത്. കെ റെയിൽ പദ്ധതി അട്ടിമറിക്കാൻ അയൽസംസ്ഥാനങ്ങളിൽ നിന്നും ഹവാലയിലൂടെ പണം വാങ്ങിയെന്ന പി വി അൻവറിൻറെ ആരോപണം




അന്വേഷിക്കണമെന്നായിരുന്നു ഹർജിക്കാരൻറെ ആവശ്യം. സിൽവർ ലൈൻ പദ്ധതി നടപ്പായാൽ കേരളത്തിന്റെ ഐ.ടി. മേഖലയിൽ ഉണ്ടാകാൻ പോകുന്ന കുതിച്ചുചാട്ടം ഇല്ലാതാക്കാൻ കോൺഗ്രസിനെ കൂട്ടുപിടിച്ച് അന്യസംസ്ഥാന കോർപറേറ്റ് ഭീമന്മാരാണ് പദ്ധതി അട്ടിമറിച്ചതെന്നായിരുന്നു നിലമ്പൂർ എംഎൽഎ നിയമസഭയിൽ ആരോപിച്ചത്. പ്രതിപക്ഷ നേതാവ് ഇതിനായി 150 കോടി കൈപ്പറ്റിയെന്നും അദ്ദേഹം പറഞ്ഞിരുന്നു. കെ റെയിൽ വന്നിരുന്നെങ്കിൽ കേരളത്തിലെ ഐ.ടി രംഗം കുതിച്ചുയരുകയും ഹൈദരാബാദിലെയും ബംഗളുരുവിലെയും ഐ.ടി ബിസിനസ് തകർന്നു പോകുമായിരുന്നുവെന്നും പറഞ്ഞ അൻവർ എംഎൽഎ, കേരളത്തിൽ നിന്നും ഓരാളെ പോലും ജോലിക്ക് കിട്ടാത്ത സ്ഥിതി ഈ പ്രദേശങ്ങളിൽ ഉണ്ടാകുമായിരുന്നു എന്നും പറഞ്ഞിരുന്നു. 2050 ആകുമ്പോൾ കമ്പനികൾ പൂട്ടിപ്പോകുമെന്ന് മനസിലാക്കിയതിനാലാണ് ഐ.ടി കമ്പനിക്കാർ പ്രതിപക്ഷ നേതാവിന് 150 കോടി രൂപ നൽകിയെന്നാണ് പി വി അൻവർ ആരോപിച്ചത്.

## കാസർകോട്ട് മോക് പോളിൽ ചെയ്യാത്ത വോട്ട് ബി.ജെ.പിക്ക്

### ഇടപെട്ട് സുപ്രിംകോടതി, പരിശോധിക്കാൻ നിർദേശം

ന്യൂഡൽഹി: കാസർകോട് ലോക്സഭാ മണ്ഡലത്തിൽ ബുധനാഴ്ച നടന്ന മോക് പോളിൽ, പോൾ ചെയ്തതിനെക്കാൾ വോട്ട് ബിജെപിക്ക് ലഭിച്ചെന്ന ആരോപണത്തെക്കുറിച്ച് പരിശോധിക്കാൻ സുപ്രീംകോടതി നിർദേശം. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷനാണ് കോടതി നിർദേശം നൽകിയത്.

ബിജെപിക്ക് പോൾ ചെയ്തതിനേക്കാൾ കൂടുതൽ വോട്ട് കിട്ടിയ കാര്യം അഭിഭാഷകൻ പ്രശാന്ത് ഭൂഷണാണ് സുപ്രീം കോടതിയിൽ ചൂണ്ടിക്കാട്ടിയത്. മാധ്യമ വാർത്തകൾ ഉദ്ധരിച്ചായിരുന്നു ഭൂഷൺ ഇത് കോടതിയെ ധരിപ്പിച്ചത്. തുടർന്ന് വിഷയം പരിശോധിക്കാൻ ജസ്റ്റിസുമാരായ സഞ്ജീവ് ഖന്ന, ദിപാങ്കർ ദത്ത എന്നിവരടങ്ങിയ



ബെഞ്ച് തിരഞ്ഞെടുപ്പ് കമ്മീഷനോട് നിർദേശിച്ചു.

ഇലക്ട്രോണിക് വോട്ടിങ് മെഷീനിലെ മുഴുവൻ വി.വി. പാറ്റ് രസീതുകളും എണ്ണണമെന്ന് ആവശ്യപ്പെട്ടുള്ള വിവിധ ഹർജികളിൽ സുപ്രീംകോടതിയിൽ വാദം കേൾക്കൽ പുരോഗമിക്കുന്നതിനിടെയാണ് പ്രശാന്ത് ഭൂഷൺ ഇക്കാര്യം ചൂണ്ടിക്കാട്ടിയത്. വി.വി. പാറ്റ് ബോക്സിലെ ലൈറ്റ് മുഴുവൻസമയവും ഓൺ ചെയ്തിതിടാൻ നിർദേശിക്കണമെന്ന് ഹർജിക്കാർക്കുവേണ്ടി ഹാജരായ അഭിഭാഷകൻ പ്രശാന്ത് ഭൂഷൺ കോടതിയിൽ ആവശ്യപ്പെട്ടു. അങ്ങനെ ചെയ്താൽ സ്ലിപ്പ് ബാലറ്റ് ബോക്സിലേക്ക് വീഴുന്ന പ്രക്രിയ വോട്ടർമാർക്ക് കാണാൻ കഴിയുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

വി.വി. പാറ്റ് സ്ലിപ്പ് വോട്ടർ തന്നെ ബാലറ്റ് ബോക്സിൽ ഇടാൻ സൗകര്യം ഒരുക്കണമെന്ന ആവശ്യം മറ്റൊരു അഭിഭാഷകൻ ഉന്നയിച്ചെങ്കിലും കോടതി അതിനോട് യോജിച്ചില്ല. അങ്ങനെചെയ്താൽ വോട്ടറുടെ സ്വകാര്യത നഷ്ടമാകുമെന്നാണ് കോടതി അഭിപ്രായപ്പെട്ടത്. ഹർജികളിൽ സുപ്രീംകോടതിയിൽ വാദംകേൾക്കൽ പുരോഗമിക്കുകയാണ്.

### സുഗന്ധഗിരി മരംമുറി:

## 18 ഉദ്യോഗസ്ഥർക്കെതിരെ നടപടിക്ക് ശുപാർശ

### ഇതുവരെ സസ്പെൻഡ് ചെയ്തത് 9 പേരെ

കൽപ്പറ്റ : സുഗന്ധഗിരി മരംമുറിയിൽ സൗത്ത് വയനാട് ഡിഎഫ്ഒ എ ഷജ്ന അടക്കം കൂടുതൽ ഉദ്യോഗസ്ഥർക്ക് സസ്പെൻഷൻ. ഫ്ലൈയിംഗ് സ്ക്വാഡ് റെയ്ഞ്ച് ഓഫീസർ സജീവൻ, ഡെപ്യൂട്ടി റേഞ്ച് ഓഫീസർ ബീരാൻകുട്ടി എന്നിവരെയാണ് സസ്പെൻഡ് ചെയ്തത്. വനം വകുപ്പ് വിജിലൻസിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടി. ഇന്നലെ റേഞ്ച് ഓഫീസർ കെ നീതുവിനെ സസ്പെൻഡ് ചെയ്തിരുന്നു. വനംവകുപ്പിലെ 18 ഉദ്യോഗസ്ഥർക്കെതിരെയാണ് നടപടിക്ക് ശുപാർശ. ഇതിൽ 9 പേർക്കെതിരെ ഇതിനകം നടപടി എടുത്തു. ബാക്കിയുള്ള വാച്ചർമാർ, ബീറ്റ് ഓഫീസർമാർക്കുമെതിരെ ഉടൻ നടപടി എടുക്കും.സുഗന്ധഗിരിയിൽ അനധികൃത മരംമുറി നടന്ന സംഭവത്തിൽ 18 ഉദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടെന്നാണ് വകുപ്പുതല അന്വേഷണ റിപ്പോർട്ടിൽ പറയുന്നത്. വീടുകൾക്ക് ഭീഷണിയായിരുന്ന 20 മരങ്ങൾ മുറിക്കാനുള്ള ഉത്തരവിന്റെ മറവിൽ നൂറിലേറെ മരങ്ങൾ മുറിച്ചുകടത്തയെന്നതാണ് കേസ്.

## ഇന്ത്യയിൽ വിൽക്കുന്ന സെറിലാക്കിൽ പഞ്ചസാര ചേർത്ത് നെസ്‌ലെ; യു.കെയിലും യൂറോപ്പിലും 'നോ ഷുഗർ'

ന്യൂഡൽഹി: ലോകത്തിലെ ഏറ്റവും വലിയ ഉപഭോക്തൃ ഉൽപ്പന്ന കമ്പനിയായ നെസ്‌ലെ ഇന്ത്യയുൾപ്പെടെ വികസ്വര രാജ്യങ്ങളിൽ വിൽക്കുന്ന രണ്ട് ബേബി ഫുഡ് ബ്രാൻഡുകളിൽ ഉയർന്ന അളവിൽ പഞ്ചസാരയും തേനും ചേർക്കുന്നതായി റിപ്പോർട്ട്. അതേസമയം, യുകെ, ജർമ്മനി, സ്വിറ്റ്സർലൻഡ്, മറ്റ് വികസിത രാജ്യങ്ങൾ എന്നിവിടങ്ങളിൽ വിൽക്കുന്ന ഇതേ ഉൽപ്പനങ്ങളിൽ പഞ്ചസാര ചേർക്കുന്നില്ലെന്നും സ്വിസ് അന്വേഷണ സംഘടനയായ 'പബ്ലിക് ഐ'യുടെ റിപ്പോർട്ടിൽ പറയുന്നു.

നെസ്‌ലെയുടെ ധാന്യപ്പൊടിയിലും നവജാതശിശുക്കൾക്കുള്ള പാലിലും പഞ്ചസാരയും തേനും ചേർക്കുന്നത് അന്താരാഷ്ട്ര മാർഗ്ഗനിർദേശങ്ങളുടെ ലംഘനമാണെന്നും റിപ്പോർട്ടിൽ പറയുന്നു.

അമിതവണ്ണവും വിട്ടുമാറാത്ത രോഗങ്ങളും തടയാൻ ലക്ഷ്യമിട്ടുള്ള അന്താരാഷ്ട്ര മാർഗ്ഗനിർദേശങ്ങളുടെ ലംഘനമാണ് നടക്കുന്നത്. എന്നാൽ ഏഷ്യൻ, ആഫ്രിക്കൻ, ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ മാത്രമാണ് ലംഘനങ്ങൾ കണ്ടെത്തിയതെന്നും റിപ്പോർട്ടിലുണ്ട്.

ഇന്ത്യയിൽ വിൽക്കുന്ന സെറിലാക്കിന്റെ ഓരോ സ്പൂണിലും മൂന്ന് ഗ്രാം പഞ്ചസാരയാണ് അടങ്ങിയിട്ടുള്ളത്. എത്യോപ്യയിലും തായ്‌ലൻഡിലും വിൽക്കുന്ന സെറിലാക്കിൽ ഒരു സ്പൂണിൽ ഏകദേശം 6 ഗ്രാം പഞ്ചസാര അടങ്ങിയിട്ടുണ്ടെന്ന് പഠനം പറയുന്നു. ഇതേ ഉൽപ്പന്നം ജർമ്മനിയിലും യുകെയിലും ഒട്ടും പഞ്ചസാര ചേർക്കാതെയാണ് വിൽക്കുന്നത്. സെറിലാക്കിന്റെ പാക്കറ്റിന് പുറത്ത് പഞ്ചസാര ചേർത്തതിനെക്കുറിച്ച് സൂചിപ്പിക്കുന്നില്ലെന്നും റിപ്പോർട്ടിലുണ്ട്. കുട്ടികൾക്കുള്ള ഭക്ഷ്യവസ്തുക്കളിൽ സപ്ലിമെന്ററി ഷുഗർ നിരോധിക്കണമെന്ന് ലോകാരോഗ്യ സംഘടന അടുത്തിടെ ആവശ്യപ്പെട്ടിരുന്നു.

## രാജ്യത്തിന്റെ ഒന്നാം ഘട്ട ജനവിധി നാളെ; വോട്ടെടുപ്പ് 102 മണ്ഡലങ്ങളിൽ, ഇന്ന് നിശബ്ദ പ്രചാരണം

ന്യൂഡൽഹി: ലോക്സഭാ തെരഞ്ഞെടുപ്പിലെ ആദ്യഘട്ട വോട്ടെടുപ്പ് നാളെ നടക്കും. 102 ലോക്സഭ മണ്ഡലങ്ങളിലാണ് വോട്ടെടുപ്പ് നടക്കുക.

തമിഴ്നാട്ടിലെ എല്ലാ മണ്ഡലങ്ങളും മറ്റ് 20 സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും വിവിധ മണ്ഡലങ്ങളിലാണ് നാളെ വോട്ടെടുപ്പ് നടക്കുന്നത്. ഈ മണ്ഡലങ്ങളിൽ ഇന്നലെ പരസ്യപ്രചാരണം അവസാനിച്ചിരുന്നു. ഇന്ന് നിശബ്ദ പ്രചാരണത്തിലാണ് സ്ഥാനാഥികൾ. ആകെ 1625 സ്ഥാനാർഥികളാണ് നാളെ ജനവിധി തേടുന്നത്.

തമിഴ്നാട്ടിൽ 39 സീറ്റുകളിലായി ആകെ 950 സ്ഥാനർഥികളാണ് മത്സരിക്കുന്നത്.

രാജസ്ഥാനിൽ 12 സീറ്റുകളിലും യുപിയിൽ എട്ടിലും ബിഹാറിൽ നാലിലും ബംഗാളിൽ മൂന്നും സീറ്റുകളിലും ആദ്യ ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കും. പശ്ചിമബംഗാൾ (3), ആൻഡമാൻ നിക്കോബാർ (1), ജമ്മു കശ്മീർ (1), ഛത്തീസ്ഗഢ് (1), മധ്യപ്രദേശ് (6), മഹാരാഷ്ട്ര (5), മണിപ്പൂർ (2), അരുണാചൽപ്രദേശ് (2), അസം (5), ബിഹാർ (4), മേഘാലയ (2), മിസോറം (1), നാഗാലാൻഡ് (1), സിക്കിം (1), ത്രിപുര (1), ഉത്തർപ്രദേശ് (8), ഉത്തരാഖണ്ഡ് (5), ലക്ഷദ്വീപ് (1), പുതുച്ചേരി (1) എന്നിവിടങ്ങളിലും നാളെയാണ് വോട്ടെടുപ്പ്. നക്സൽ വേട്ട നടന്ന ഛത്തീസ്ഗഡിലെ ബസ്തറിൽ വോട്ടെടുപ്പിന് കനത്ത സുരക്ഷയാണ് ഏർപ്പെടുത്തിയിരിക്കുന്നത്.



തമിഴ്നാട്ടിൽ ഡി.എം.കെ സഖ്യം വലിയ പ്രതീക്ഷയിലാണ് ഇത്തവണ തെരഞ്ഞെടുപ്പിനെ നേരിടുന്നത്. കോൺഗ്രസിനും ഇടത് പക്ഷത്തിനും മുസ്‌ലിം ലീഗിനും ഒപ്പമാണ് ഡി.എം.കെയും ഉൾപ്പെട്ട ഇന്ത്യ മുന്നണി മത്സരിക്കുന്നത്.

39 സീറ്റിലും വിജയിക്കുമെന്നാണ് ഈ മുന്നണിയുടെ പ്രതീക്ഷ. അതേസമയം വൻ മുന്നേറ്റം ഇക്കുറിയുണ്ടാകുമെന്ന പ്രതീക്ഷയാണ് ബി.ജെ.പിയും അണ്ണാ ഡി.എം.കെയും മുന്നോട്ട് വയ്ക്കുന്നത്.

## വിദ്വേഷ പ്രസംഗം നടത്തിയെന്ന് പരാതി; കോൺഗ്രസ് നേതാവ് ഷമ മുഹമ്മദിനെതിരെ കേസ്

കോഴിക്കോട്: വിദ്വേഷ പ്രസംഗം നടത്തിയെന്ന പരാതിയിൽ കോൺഗ്രസ് നേതാവ് ഷമ മുഹമ്മദിനെതിരെ കേസ്. കോഴിക്കോട് സിറ്റി പൊലീസാണ് ഷമ മുഹമ്മദിനെതിരെ കേസടുത്തത്. യുഡിഎഫ് സ്ഥാനാർത്ഥി എം കെ രാഘവന്റെ തെരഞ്ഞെടുപ്പ് പര്യടനത്തിനിടെ ഷമ മുഹമ്മദ് നടത്തിയ പ്രസംഗം വിദ്വേഷം പ്രചരിപ്പിക്കുന്നതാണെന്നാണ് എഫ്ഐആറിൽ പറയുന്നത്. തിരുവനന്തപുരം സ്വദേശി അരുൺജിത് തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയ പരാതിയെ തുടർന്നാണ് പൊലീസ് നടപടി.പൊലീസ് കേസെടുത്തതിന് പിന്നാലെ വിമർശനവുമായി ഷമ മുഹമ്മദ് രംഗത്തെത്തി. കേരളത്തിൻറെ ആഭ്യന്തര മന്ത്രി ഏത് പാർട്ടിക്കാനാണെന്ന് ക്ഷമ മുഹമ്മദ് വിമർശിച്ചു. കോൺഗ്രസ് നേതാക്കൾക്കെതിരെ കേസെടുക്കാൻ ആഭ്യന്തര മന്ത്രിക്ക് തിടുക്കമാണ്. മണിപ്പൂരിൽ നടന്ന കാര്യങ്ങളാണ് താൻ ഉന്നയിച്ചതെന്നും ക്ഷമ മുഹമ്മദ് പ്രതികരിച്ചു.

### 'ഒരു വിശ്വാസ്യതയും ഇല്ല': തെരഞ്ഞെടുപ്പ് സർവേകൾ തള്ളി മുഖ്യമന്ത്രി


മലപ്പുറം: തെരഞ്ഞെടുപ്പ് സർവേകൾ തള്ളി മുഖ്യമന്ത്രി പിണറായി വിജയൻ. സർവേകൾക്ക് ഒരു വിശ്വാസ്യതയും ഇല്ലെന്നും പേയ്ഡ് സർവേകളാണ് പുറത്ത് വിടുന്നത് എന്ന സംശയം ജനങ്ങൾക്ക് ഉണ്ടെന്നും പിണറായി വിജയൻ മലപ്പുറത്ത് പറഞ്ഞു. സർവേകളുടെ ശാസ്ത്രീയത പ്രേക്ഷകരോട് പറയുന്നില്ലെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയാണ് ചെയ്യുന്നത്. ഇന്നത്തെ പല മന്ത്രിമാരും തോൽക്കുമെന്നാണ് നിയമസഭ കാലത്തെ സർവേകൾ പറഞ്ഞിരുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

അതേസമയം യു.ഡി.എഫ് വനിതാ പ്രവർത്തകർക്കെതിരായ വെണ്ണപ്പാളി പരാമർശത്തിൽ സി.പി.എം സംസ്ഥാന കമ്മിറ്റിയംഗം പി. ജയരാജനെ മുഖ്യമന്ത്രി ന്യായീകരിച്ചു. ജയരാജന്റെ പരാമർശം ക്രീമിലെയറിന്റെ ഭാഗമായി പറഞ്ഞതാവുമെന്നായിരുന്നു മുഖ്യമന്ത്രിയുടെ പ്രതികരണം.

എന്നാൽ പരാമർശത്തിൽ ലൈംഗികത കാണാൻ കഴിയില്ലെന്നും കുലസ്ത്രീ എന്നാകും താൻ പരിഭാഷപ്പെടുത്തുകയെന്നും സി.പി.ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം പറഞ്ഞു.

## പൂരാവേശത്തിൽ തൃശ്ശൂർ; തെക്കേ ഗോപുര നട തുറന്നു

തൃശ്ശൂർ: പൂരത്തിന്റെ പ്രധാന ചടങ്ങായ പൂര വിളംബരത്തിന് തുടക്കം കുറിച്ച് നെയ്തലക്കാവ് ഭഗവതി വടക്കുനാഥന്റെ തെക്കേ ഗോപുരനട തുറന്നു. കൊച്ചിൻ ദേവസ്വം ബോർഡിന്റെ കൊമ്പൻ എറണാകുളം ശിവകുമാറാണ് നെയ്തലക്കാവ് ഭഗവതിയുടെ തിടമ്പേറ്റിയത്. നെയ്തലക്കാവിലമ്മയുടെ എഴുന്നള്ളിപ്പോടെ തൃശൂർ പൂരത്തിന്റെ ആചാരങ്ങൾക്ക് ആരംഭമായി. നാളെയാണ് ചരിത്ര പ്രസിദ്ധമായ തൃശൂർ പൂരം. രാവിലെ ആറാട്ടിന് ശേഷമാണ് നെയ്തലക്കാവിലമ്മ എറണാകുളം ശിവകുമാറിന്റെ തിടമ്പേറി വടക്കുന്നാഥനിലേക്ക് പുറപ്പെട്ടത്. പാറമേക്കാവ് വഴി തേക്കിൻകാട്ടിലേക്ക് കയറിയ നെയ്തലക്കാവിലമ്മ മണികണ്ഠനാലിലെത്തി. അവിടെ നിന്നും പാണ്ടിമേളത്തിന്റെ അകമ്പടിയിലാമ് ശ്രീമൂലസ്ഥാനത്ത് എത്തിയത്. പ്രദക്ഷിണ വഴിയിലൂടെ വടക്കും നാഥനെ വലം വെച്ച് 12 മണിയോടെ തെക്കേ ഗോപുരം തുറന്ന് പുറത്തിറങ്ങി. ഇനിയുള്ള 36 മണിക്കൂർ നാദ, മേള വർണ്ണ വിസ്മയങ്ങളുടെ വിസ്മയമായിരിക്കുന്നു. നാളെ പൂരത്തിനെത്തുന്ന 90 ആനകളുടെ ഫിറ്റ്നസ് പരിശോധന ഉച്ചതിരിഞ്ഞ് നടക്കും രണ്ട് മണിയോടെ തേക്കിൻകാട് മൈതാനിയും പാറമേക്കാവും ആനകളെക്കൊണ്ട് നിറയും.





### റോഡ് നിർമ്മാണത്തിനിടെ മണ്ണിടിച്ചിൽ; മണ്ണിനടിയിൽ കുടുങ്ങിയ തൊഴിലാളികളെ രക്ഷപ്പെടുത്തി

കൊച്ചി: പിറവം മണീട് വെട്ടിത്തറയിൽ റോഡിന്റെ സംരക്ഷണ ഭിത്തി കെട്ടുന്നതിനിടെ ഇടിഞ്ഞു വീണ് രണ്ടു തൊഴിലാളികൾ മണ്ണിനടിയിൽ കുടുങ്ങി.

ഏലപ്പാറ സ്വദേശി വേണു, വണ്ണപ്പുറം സ്വദേശി രാജൻ എന്നിവരാണ് മണ്ണിനുള്ളിൽ കുടുങ്ങിയത്. ഇവരെ ഫയർഫോഴ്സ് സംഘം സുരക്ഷിതമായി പുറത്തെടുത്തു.

ഏഴക്കരനാട് പിഎംജിഎസ്വൈ പദ്ധതി പ്രകാരമുള്ള റോഡ് നിർമ്മാണത്തിന് പുഴയുടെ സൈഡ് കെട്ടാൻ വാനം താഴ്ത്തുന്നതിനിടെയാണ് അപകടമുണ്ടായത്. പുറത്തെടുത്ത തൊഴിലാളികൾക്ക് സാരമായ പരിക്കുകളില്ലെന്നാണ് വിവരം.

## ഡബിൾ ഡെക്കർ ട്രെയിൻ പാലക്കാട്ടേയ്ക്ക്; പരീക്ഷണ ഓട്ടം വിജയകരമെന്ന് റെയിൽവേ

പാലക്കാട്: ബംഗളൂരു – കോയമ്പത്തൂർ ഉദയ് ഡബിൾ ഡെക്കർ സൂപ്പർ ഫാസ്റ്റ് ട്രെയിൻ പാലക്കാട്ടേക്കു നീട്ടുന്നതിന്റെ ഭാഗമായുള്ള പരീക്ഷണ ഓട്ടം വിജയകരം.

ഇന്നലെ രാവിലെ എട്ടിനു കോയമ്പത്തൂരിൽ നിന്നു പുറപ്പെട്ട ട്രെയിൻ പൊള്ളാച്ചി വഴി 11.05നു പാലക്കാട് ടൗൺ റെയിൽവേ സ്റ്റേഷനിലും 11.10നു പാലക്കാട് ജംഗ്ഷനിലുമെത്തി. പരീക്ഷണ ഓട്ടം വിജയകരമായി പൂർത്തിയാക്കിയതായി റെയിൽവേ അറിയിച്ചു.

1.20ന് പാലക്കാട് ജംഗ്ഷനിൽ നിന്നു പുറപ്പെട്ടു 3.45നു കോയമ്പത്തൂരിലെത്തി. സേലം, പാലക്കാട് ഡിവിഷനുകൾ ചേർന്നാണു പരീക്ഷണ ഓട്ടം നടത്തിയത്. ഉദയ് എക്സ്പ്രസ് സീരീസിലെ ആദ്യ ഡബിൾ ഡെക്കർ എസി ചെയർ കാറാണിത്. സ്ഥിരം സർവീസ് ഉടൻ ആരംഭിക്കുമെന്ന് അധികൃതർ അറിയിച്ചു. ട്രെയിനിന്റെ സമയക്രമത്തിൽ തീരുമാനമായിട്ടില്ല.



## ചരമം

**പ്രമീള**

പറമ്പിൽ ബസാർ: ചെറുക്കോളിൽ പ്രമീള (63). ഭർത്താവ്: സദാനന്ദൻ.മക്കൾ: സബിൻ, സാഞ്ചു. മരുമക്കൾ: നവീൻ രവി, പ്രിയ ഒലീവ്. സഹോദരങ്ങൾ: രാമ കൃഷ്ണൻ, വൽസൻ, പ്രേമൻ, ശശികുമാർ, സരസൻ, ഷാജി, ശോഭ, റീജ.

**മോഹൻ ഗോറെ**

കോഴിക്കോട്: പുതിയറ ഓൾ ഫൈൻ അപ്പാർട്മെന്റ് ഡിദയിൽ മോഹൻ ഗോറെ (76). ഭാര്യ: ഉഷ. മക്കൾ: രൂപ, അമർനാഥ്.

## ഇന്നത്തെ പരിപാടി

നളന്ദ: ഓൾ ഇന്ത്യ ഫോർവേഡ് ബ്ലോക്ക് കോഴിക്കോട് പാർലമെന്റ് കൺവൻഷൻ ഉദ്ഘാടനം പാർട്ടി ദേശീയ ജനറൽ സെക്രട്ടറി ജി ദേവരാജൻ 3.00

ബീച്ച് മറൈൻ ഗ്രൗണ്ട് വണ്ടർ കാർണിവൽ 4.00

ചാലപ്പുറം കേസരി ഭവൻ ഡോ. കെ മാധവൻകുട്ടി പഠനകേന്ദ്രം അംബേദ്കർ ജയന്തിയോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന പ്രഭാഷണം.

# എൽ.ഡി.എഫിന്റെ വിവാദ വീഡിയോക്കെതിരെ കാസർകോട് പ്രതിഷേധം ശക്തമാവുന്നു

കാസർകോട്: എൽ.ഡി.എഫിന്റെ വിവാദ വീഡിയോക്കെതിരെ കാസർകോട് പ്രതിഷേധം ശക്തമാവുന്നു. തളങ്കരയിൽ നാട്ടുകാരുടെ നേതൃത്വത്തിൽ പ്രതിഷേധ പ്രകടനം നടത്തി.

നെറ്റിയിലെ കുറി മായ്ച്ച് കയ്യിലെ ചരട് പൊട്ടിച്ച് ഇടത്തോട്ട് മുണ്ട് ഉടുത്ത് മാത്രമെ മുസ്‌ലിം ഭൂരിപക്ഷ പ്രദേശത്ത് യുഡിഎഫ് സ്ഥാനാർഥിക്ക് പോലും പ്രചാരണത്തിന് ഇറങ്ങാനാവൂ എന്ന വിവാദ വീഡിയോക്കെതിരെയാണ് പ്രതിഷേധം ശക്തമാവുന്നത്. എൽ.ഡി.എഫ് പുറത്തിറക്കിയ വീഡിയോക്കെതിരെ തളങ്കരയിൽ നാട്ടുകാരുടെ നേതൃത്വത്തിൽ പ്രതിഷേധ പ്രകടനം നടത്തി.

സംഭവം വിവാദമായതിന് പിന്നാലെ എൽ.ഡി.എഫ് സ്ഥാനാർഥി എം.വി ബാലകൃഷ്ണന്റെയും സി.പി.എം ജില്ലാ സെക്രട്ടറിയുടെ ചുമതല വഹിക്കുന്ന സി.എച്ച് കുഞ്ഞമ്പു എം.എൽ.എയുടെയും ഔദ്യോഗിക സാമൂഹ്യ മാധ്യമ പേജുകളിൽ നിന്ന് വീഡിയോ നീക്കം ചെയ്തിരുന്നു.

മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളെ ബോധപൂർവ്വം കരിവാരി തേക്കാനുള്ള നീക്കമാണ് എൽ.ഡി.എഫ് നടത്തിയതെന്ന ആക്ഷേപമാണ് ഉയരുന്നത്. തങ്ങളുടെ സാമൂഹ്യ മാധ്യമ പേജുകൾ കൈകാര്യം ചെയ്യുന്നവർക്ക് പറ്റിയ പിഴവാണെന്നാണ് എം.വി ബാലകൃഷ്ണന്റെയും സി.എച്ച് കുഞ്ഞമ്പു എം.എൽ.എയുടെയും വിശദീകരണം.

മുസ്‌ലിം ഭൂരിപക്ഷ പ്രദേശത്തെ ആക്ഷേപിക്കുന്ന തരത്തിൽ വീഡിയോ പുറത്തിറങ്ങിയ സംഭവത്തിൽ നേതാക്കളുടെ സാമൂഹ്യ മാധ്യമ പേജുകൾ നിയന്ത്രിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സിപിഎമ്മിന് അകത്ത് തന്നെ ഒരു വിഭാഗം ആവശ്യപ്പെടുന്നുണ്ട്.

എന്നാൽ വീഡിയോ നീക്കം ചെയ്തതോടെ പ്രശ്നം അവസാനിച്ചതായാണ് സ്ഥാനാർഥിയുമായി ബന്ധപ്പെട്ട കേന്ദ്രങ്ങൾ നൽകുന്ന വിശദീകരണം.

# കൊലക്കേസിൽ ജീവപര്യന്തം തടവിന് ശിക്ഷിച്ച പ്രതി പരോളിനിടെ മുങ്ങി; പിടിയിൽ

കൊല്ലം: കൊല്ലം കുളത്തൂപ്പുഴയിൽ കൊലക്കേസിൽ ജീവപര്യന്തം തടവിന് ശിക്ഷ അനുഭവിച്ചു വരവേ പരോളിലിറങ്ങി മുങ്ങിയ പ്രതി പിടിയിൽ. കുളത്തൂപ്പുഴ ഇ.എസ്.എം കോളനിയിൽ സുൾഫിക്കറാണ് അറസ്റ്റിലായത്.2008ൽ പോപ്പുലർ ഫ്രണ്ട് പ്രാദേശിക നേതാവിനെ കുത്തികൊന്ന കേസിലാണ് സുൾഫിക്കറിനെ കോടതി ജീവപര്യന്തം ശിക്ഷിച്ചത്. ജയിലിൽ നിന്നും 2019ൽ പരോളിലിറങ്ങിയ ഇയാൾ ഒളിവിൽ പോയി. കുറച്ചുനാൾ ഏർവാടി പള്ളിയിലും പരിസരത്തുമായി കറങ്ങി നടന്നുവെന്ന് കണ്ടെത്തി. അടുത്തിടെ സുൽഫിക്കർ കൊട്ടിയത്ത് എത്തി. ഇവിടെ ജീവകാരുണ്യ പ്രവർത്തനത്തിന്റെ മറവിൽ കുളത്തൂപ്പുഴ സ്വദേശിയായ അനസുമായി ചേർന്ന് നാട്ടുകാരിൽ നിന്ന് പണം പിരിച്ചു തട്ടിപ്പ് നടത്തി. സംശയം തോന്നിയ നാട്ടുകാർ തടഞ്ഞുവച്ച് പൊലീസിനെ ഏൽപ്പിച്ചു. കൊട്ടിയം പൊലീസ് കുളത്തൂപ്പുഴ പൊലീസിനു കൈമാറി. കുളത്തൂപ്പുഴയ്ക്കുള്ള വഴിമധ്യേ മൂത്രമൊഴിക്കാൻ എന്ന വ്യാജേന പുറത്തിറങ്ങിയ പ്രതികൾ രക്ഷപെടാൻ ശ്രമിച്ചെങ്കിലും ഉടൻ പൊലീസ് പിടികൂടി. നടപടി ക്രമങ്ങൾ പൂർത്തിയാക്കി പ്രതിയെ തിരികെ ജയിലിൽ എത്തിച്ചു.

## മാന്യതയുടെ അതിർവരമ്പുകൾ ലംഘിക്കുന്ന തിരഞ്ഞെടുപ്പ് പ്രചാരണം തടയണം

തിരഞ്ഞെടുപ്പ് കാലത്ത് രാഷ്ട്രീയ പാർട്ടികളുടെ നയങ്ങളേയും നിലപാടുകളേയുമാണ് ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കേണ്ടത്. അല്ലാതെ നിലവാരമില്ലാത്ത, മാന്യതയ്ക്ക് നിരക്കാത്ത പ്രചാരണ രീതികളല്ല. ഏറ്റവും ദൗർഭാഗ്യകരമായ ചില കാര്യങ്ങളാണ് വടകര പാർലമെന്റ് മണ്ഡലത്തിലുണ്ടായിട്ടുള്ളത്. ഈ പ്രവണത മുളയിലേ നുള്ളുകയും, ഇത്തരം വൃത്തികെട്ട, ഹീനമായ പ്രചാരണം നടത്തിയവരെ പിടികൂടി, കർശനമായ ശിക്ഷ ഉറപ്പാക്കുകയും വേണം. സ്ഥാനാർത്ഥികളുടെ വ്യക്തി ജീവിതത്തിലേക്ക് കടന്നുകയറുക, അവരുടെ ചിത്രങ്ങൾ മോർഫ് ചെയ്ത് പ്രചരിപ്പിക്കുക എന്നിത്യാദി കാര്യങ്ങളാണ് അവിടെ നടന്നത്. തനിക്കെതിരെ വ്യക്തിഹത്യ നടക്കുന്നുവെന്ന് എൽഡിഎഫ് സ്ഥാനാർത്ഥി കെ.കെ.ശൈലജ പരാതി നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ ശൈലജ ടീച്ചറുടെ പാർട്ടി തന്നെ സംസ്ഥാനം ഭരിക്കുന്ന സാഹചര്യത്തിൽ നടപടിയെടുക്കാൻ വൈകുന്നതെന്ത്കൊണ്ടാണ്.

പൊതു രംഗത്ത് പ്രവർത്തിക്കുന്ന വനിതകൾക്കെതിരെ സൈബർ ആക്രമണം നടക്കുമ്പോൾ പോലീസ് കൈയ്യും കെട്ടി നോക്കി നിൽക്കുകയല്ല വേണ്ടത്. മുഖം നോക്കാതെ കർശന നടപടിയെടുക്കുകയാണ് വേണ്ടത്. ഇന്ത്യാ രാജ്യത്തിന്റെ ഭാവി ഭാഗധേയം നിർണയിക്കുന്ന തിരഞ്ഞെടുപ്പാണ് നടക്കാൻ പോകുന്നത്. ഈ രാജ്യത്തിന്റെ അസ്തിത്വം തന്നെ ചോദ്യം ചെയ്യപ്പെടുകയും, എല്ലാ മതങ്ങളും സാഹോദര്യത്തോടെ കഴിയുന്ന ബഹുസ്വരത ചോദ്യം ചെയ്യപ്പെടുകയും, ഭരണഘടന പോലും വെല്ലുവിളി നേരിടുന്ന ഘട്ടത്തിൽ നടക്കുന്ന തിരഞ്ഞെടുപ്പിൽ ശരിയായ രാഷ്ട്രീയം ചർച്ച ചെയ്യപ്പെടേണ്ട ഘട്ടത്തിൽ അതിനെയെല്ലാം വഴിതിരിച്ചു വിടുന്നതും ഒരു തരത്തിലും മാതൃകയാക്കാവുന്നതല്ലാത്ത ഇത്തരം നിലവാരമില്ലാത്ത കാര്യങ്ങളുടെ പിന്നാലെ പോകുന്നത് ജനാധിപത്യത്തിന് ഭൂഷണമല്ല.

കെ.കെ.ശൈലജയ്ക്കെതിരായി സൈബർ ആക്രമണമുണ്ടെന്ന് ഭരിക്കുന്ന പാർട്ടിയുടെ ഉന്നത നേതാക്കൾ തന്നെ ദിവസങ്ങൾക്ക് മുൻപ് തന്നെ ഉന്നയിച്ചിരുന്നെങ്കിലും അതും പോലീസ് വിലക്കെടുത്തില്ല എന്ന് വേണം ഈ സംഭവം ഇപ്പോഴും നീറിപുകയാൻ കാരണം. തിരഞ്ഞെടുപ്പു കാലത്ത് രാഷ്ട്രീയമാണ് ചർച്ച ചെയ്യേണ്ടത്. സൈബർ മേഖലയിൽ നടത്തുന്ന വിലകുറഞ്ഞ അഭ്യാസങ്ങൾ നമ്മുടെ ജനാധിപത്യ രാഷ്ട്രീയത്തിന്റെ അന്തസ് കെടുത്താൻ സമ്മതിക്കരുത്. പോലീസ് ഈ വിഷയത്തിൽ തുടക്കത്തിലേ ഉണർന്ന് പ്രവർത്തിക്കുകയും, കുറ്റവാളികളെ പിടികൂടി, പൊതുജന ശ്രദ്ധയിൽ കൊണ്ട് വരികയും ചെയ്തിരുന്നുവെങ്കിൽ രാഷ്ട്രീയത്തിലെ ഇത്തരം പുഴുക്കുത്തുകൾ അവസാനിക്കുമായിരുന്നു.

# ഗസ്സ വേട്ട: ഗൂഗ്ളിനെതിരെ പ്രതിഷേധിച്ച് ജീവനക്കാർ, പിന്നാലെ കൂട്ട പിരിച്ചുവിടൽ

ന്യൂയോർക്ക്: ഗസ്സയിലെ ഇസ്റാഈൽ നരവേട്ടക്ക് സാങ്കേതിക പിന്തുണ നൽകാനുള്ള ഗൂഗ്ളിന്റെ നീക്കത്തിനെതിരെ പ്രതിഷേധിച്ച് ഒരു കൂട്ടം ജീവനക്കാർ. ന്യൂയോർക്കിലെയും കാലിഫോർണിയയിലെ സണ്ണിവെയ്‍ലിലെയും ഗൂഗ്ളിന്റെ ഓഫിസുകളിൽ 100ലേറെ ജീവനക്കാർ 10 മണിക്കൂർ കുത്തിയിരിപ്പ് സമരം നടത്തി. ചൊവ്വാഴ്ചയാണ് സംഭവം. ഇതിനുപിന്നാലെ സമരത്തിന് നേതൃത്വം നൽകിയതിന് 28 ജീവനക്കാരെ കൂട്ടത്തോടെ പിരിച്ചുവിട്ട് ഗൂഗ്ൾ അറിയിപ്പ് പുറത്തിറക്കി.കാലിഫോർണിയയിലെ സി.ഇ.ഒ ഓഫിസിൽ അതിക്രമിച്ചുകടന്നതിനാണ് പിരിച്ചുവിടൽ നടപടിയെന്ന് ഗൂഗ്ൾ ഗ്ലോബൽ സെക്യൂരിറ്റി വൈസ് പ്രസിഡന്റ് ക്രിസ് റാക്കോവ് അറിയിപ്പിൽ പറഞ്ഞു. ഓഫിസ് സ്ഥലങ്ങൾ കൈയേറി, സ്ഥാപനത്തെ അപകീർത്തിപ്പെടുത്തി, ഗൂഗ്ളർമാരുടെ ജോലി തടസ്സപ്പെടുത്തി തുടങ്ങിയ കുറ്റങ്ങളാണ് സമരക്കാർക്കെതിരെ ഉന്നയിച്ചിരിക്കുന്നത്.

# അബ്ദുൽ റഹീമിന്റെ മാതാവിനെ സന്ദർശിച്ച് മുനവ്വറലി ശിഹാബ് തങ്ങൾ

കോഴിക്കോട് : സൗദി ജയിലിൽ വധശിക്ഷ കാത്ത് കഴിയുന്ന അബ്ദുൽ റഹീമിന്റെ ഉമ്മയെ സന്ദർശിച്ച് മുസ്ലിം യൂത്ത് ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ.

അബ്ദുൽ റഹീമിന്റെ മോചനത്തിനായി പ്രയത്നിച്ച എല്ലാവരെയും അഭിനന്ദിച്ച മുനവ്വറലി ശിഹാബ് തങ്ങൾ ഇതാണ് യഥാർഥ കേരള സ്റ്റോറിയെന്ന് പറഞ്ഞു.

സൗദി കെ.എം.സി.സി നാഷണൽ കമ്മിറ്റി ജനറൽ സെക്രട്ടറി അഷ്റഫ് വേങ്ങാട്ട്, റഹീം ലീഗൽ സപ്പോർട്ട് സമിതി ചെയർമാൻ കെ. സുരേഷ്, കൺവീനർ കെ.കെ ആലിക്കുട്ടി, എ. അഹമ്മദ് കോയ, മജീദ് അമ്പലക്കണ്ടി എന്നിവർ തങ്ങളെ അനുഗമിച്ചു.



വെള്ളിയാഴ്ചയാണ് സൗദി അറേബ്യയിൽ വധശിക്ഷക്ക് വിധിക്കപ്പെട്ട് ജയിലിൽ കഴിയുന്ന കോഴിക്കോട് കോടമ്പുഴ സ്വദേശി അബ്ദുൽ റഹീമിന്റെ മോചനത്തിന് ആവശ്യമായ 34 കോടി രൂപ മലയാളികൾ സമാഹരിച്ചത്. മൂന്നാഴ്ച കൊണ്ടാണ് ഇത്രയുമധികം തുക ക്രൗഡ് ഫണ്ടിങ്ങിലൂടെ സമാഹരിച്ചത്. 'സേവ് അബ്ദുൽ റഹീം' ആപ്പ് വഴി ഓരോ സെക്കൻഡിലും ലഭിക്കുന്ന തുകയുടെ കണക്ക് പൊതുജനങ്ങൾക്ക് അറിയാൻ സാധിച്ചിരുന്നു.

വധശിക്ഷ റദ്ദ് ചെയ്യാനുള്ള അപേക്ഷ റിയാദിലെ കോടതിയിൽ തുടർവാദത്തിനുള്ള തിയതി കാത്തിരിക്കുകയാണെന്ന് നിയമസഹായ സമിതി അറിയിച്ചു. റഹീമിനുള്ള മോചനദ്രവ്യം സൗദിയിലെത്തിക്കാനുള്ള ശ്രമവും ഊർജിതമാണ്.

# 'സീനിയർ സിറ്റിസൻ വിത്ത് കിഡ്സ്' ഫാഷൻ ഷോ

കോഴിക്കോട്: തിരഞ്ഞെടുപ്പിൽ വോട്ട് പാട്ടിന്റെ തിരക്കൊഴിഞ്ഞാൽ നഗരം കാത്തുനിൽക്കുന്ന വേറിട്ട ആഘോഷത്തിന് ചരിത്ര നഗരം ഒരുങ്ങുന്നു. യുനസ്കോ സാഹിത്യ നഗരമായി പ്രഖ്യാപിച്ച കോഴിക്കോട്ട് സംസ്ഥാനത്തെ ആദ്യ 'സീനിയർ സിറ്റിസൻ വിത്ത് കിഡ്സ്' ഫാഷൻ ഷോയ്ക്കു വേദിയാകും. ഒപ്പം ഭിന്നശേഷി കുട്ടികളുടെ സ്നേഹം തുളുമ്പുന്ന കിഡ് ഫാഷൻഷോയും നടക്കും. ന്യൂ ജനറേഷനും ഓൾഡ് ജനറേഷനും സംയുക്തമായി ഫാഷൻ ഷോ സംസ്ഥാനത്ത് ആദ്യ സംരംഭമാണ്.27 ന് ഞായറാഴ്ച മാവൂർ റോഡ് ബ്ലൂ ഡയമണ്ട് മാളിൽ രണ്ടരയോടെ ആരംഭിക്കുന്ന 'അഡോൺ ഗ്ലാമർ ഗലേറിയ 'സീസൻ 1 ൽ പ്രമുഖ നടന്മാർ, ഗായകർ, ഡാൻസേഴ്സ്, മോഡൽസ് പങ്കെടുക്കും.




വൈകിട്ട് 6 ന് നടക്കുന്ന മുതിർന്നവരുടെയും കുട്ടികളുടെയും സംയുക്ത ഫാഷൻ റാമ്പ് ഷോയിൽ നടൻ നാദിർ ഷാ, ബോബി ചെമ്മണൂർ എന്നിവർ പങ്കെടുക്കും. രാത്രി പത്തു വരെ ബ്രൈഡൽ ഷോ, പ്രമുഖ ഡിസൈനർ ഷോ, കേരളത്തിലെ മോഡലിങ്ങ് രംഗത്തുള്ള കമ്പനികളുടെ പ്രദർശനവും ഉണ്ടാകും. സാഹിത്യ നഗരത്തിന് നിറച്ചാർത്തുമായി അഡോൺ ഇവന്റ്സ് നടത്തുന്ന ഷോ പ്രവേശനം സൗജന്യമാണെന്നു അഡോൺ ഡയറക്ടറും പ്രമുഖ ഫാഷൻ കൺസൽറ്റന്റുമായ ഷമ്ന ഷെമ്മിയും മോഡലും ഇവന്റ്സ് ഡയറക്ടറുമായ പൂജയും അറിയിച്ചു.



# ജേഴ്സി പ്രകാശനം ചെയ്തു

ചൈനയിലെ വൈഫാങ്ങിൽ വെച്ച് ഏപ്രിൽ 19 മുതൽ 24 വരെ നടക്കുന്ന ഇരുപതാമത് വേൾഡ് കൈറ്റ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന ആറംഗ ഇന്ത്യൻ കൈറ്റ് ടീമിന്റെ ജേഴ്സി പ്രകാശനം ഓൾ ഇന്ത്യ അത്‌ലെറ്റിക് ഫെഡറേഷൻ വൈസ് പ്രസിഡന്റ് ഡോ അൻവർ ആമീൻ സ്പോർട്സ് കേരള ഫൌണ്ടേഷൻ ഡയറക്ടർ ആഷിക്ക് കൈനിക്കരക്ക് നൽകി ഉത്ഘാടനം ചെയ്തു.

ചടങ്ങിൽ വൺ ഇന്ത്യ കൈറ്റ് ടീം കോച്ച് അബ്ദുള്ള മാളിയേക്കൽ,ഇന്റർനാഷണൽ കോർഡിനേറ്റർ ഷാഹിർ മണ്ണിങ്ങൽ, ക്യാപ്റ്റൻ മെഹഷൂക് ചാലിയം, ടീം മാനേജർ ഹൈദർ അലി, ഇൻഫ്ലാറ്റബിൾ കൈറ്റർ അലി അക്ബർ, കൈറ്റ് ഫ്ലയർ നജാഫ് ചാലിയം, കൈറ്റ് ഫ്ലയർ ചാർളി എന്നിവരെ അനുമോദിക്കുകയും ചെയ്തു.ഏപ്രിൽ 19 മുതൽ 24 വരെ വൈഫാങ്ങിൽ നടക്കുന്ന മത്സരത്തിന് ശേഷം ഇന്ത്യൻ കൈറ്റ് ടീം അംഗങ്ങൾ 26 മുതൽ 31 വരെ വുഹാനിലും മെയ് 1 മുതൽ 10 വരെ ചൈനീസ് നഗരങ്ങളായ ഹുവായിരൻ, യൻ ചേങ് എന്നിവിടങ്ങളിലെ പട്ടം പറത്തൽ മത്സരങ്ങളിലും പങ്കെടുക്കും.

# അയോധ്യയിലെ രാം ലല്ലയുടെ ചിത്രം വെച്ച് ബി.ജെ.പിയുടെ വോട്ട് അഭ്യർത്ഥന

ന്യൂഡൽഹി: അയോധ്യയിലെ രാം ലല്ലയുടെ ചിത്രം വെച്ച് ബി.ജെ.പിയുടെ വോട്ട് അഭ്യർത്ഥന. ബി.ജെ.പി നേതാവ് പ്രകാശ് ജാവഡേക്കറാണ് സാമൂഹിക മാധ്യമത്തിലൂടെ വോട്ട് അഭ്യർത്ഥന നടത്തുന്നത്.

ബി.ജെ.പിക്ക് ഒരു വോട്ട് നൽകൂ മാറ്റം ഉണ്ടാകുമെന്ന് പ്രഖ്യാപനത്തോട് കൂടിയാണ് ചിത്രം പങ്കുവെച്ചത്. മതചിഹ്നങ്ങൾ പ്രചാരണത്തിന് ഉപയോഗിക്കരുതെന്ന നിർദേശം ലംഘിച്ചാണ് പോസ്റ്റ്.

അതേസമയം ലോക്സഭാ തെരഞ്ഞെടുപ്പിൽ ഒന്നാംഘട്ട വോട്ടെടുപ്പ് നാളെ നടക്കും. 102 മണ്ഡലങ്ങളിലാണ് ജനവിധി തേടുന്നത്. അരുണാചൽ പ്രദേശ് , സിക്കിം എന്നീ സംസ്ഥാനങ്ങളിലെ നിയമസഭകളിലേക്കും നാളെയാണ് വോട്ടെടുപ്പ്. ആദ്യഘട്ടത്തിൽ 39 സീറ്റുകളുള്ള തമിഴ്നാട്ടിലാണ് ഏറ്റവുമധികം സീറ്റുകളിലേക്ക് വോട്ടെടുപ്പ് നടക്കുന്നത്.ഉത്തർപ്രദേശ് , ബംഗാൾ , ബീഹാർ എന്നീ സംസ്ഥാനങ്ങളിൽ എല്ലാ ഘട്ടങ്ങളിലും വോട്ടെടുപ്പ് ഉണ്ട്. നക്സൽ വേട്ട നടന്ന ഛത്തീസ്ഗഢിലെ ബസ്തറിൽ വോട്ടെടുപ്പിന് കനത്ത സുരക്ഷയാണ് ഏർപ്പെടുത്തിയിരിക്കുന്നത്.

# "സതീശൻ ഇഷ്ടമുള്ളത് പറഞ്ഞോട്ടെ, വസ്തുനിഷ്ഠമായ തെളിവുകൾ വെച്ചാണ് പരാതി നൽകിയത്": കെ.കെ ശൈലജ

വടകര: സൈബർ ആക്രമണം നുണ ബോംബാണെന്ന വി.ഡി സതീശന്റെ പ്രസ്താവനയോട് പ്രതികരിക്കാനില്ലെന്ന് വടകരയിലെ എൽ.ഡി.എഫ് സ്ഥാനാർഥി കെ.കെ ശൈലജ.

സതീശൻ ഇഷ്ടമുള്ളത് പറഞ്ഞോട്ടെ, വസ്തുനിഷ്ഠമായ തെളിവുകൾ വെച്ചാണ് പരാതി നൽകിയത്. സ്ഥാനാർഥി എന്ന നിലയിൽ രാഷ്ട്രീയ അഭിപ്രായത്തെ തെറ്റിദ്ധരിക്കുന്ന രീതിയിൽ പ്രചാരണം നടത്തുന്നുവെന്നും ശൈലജപറഞ്ഞു.

ലോക്സഭ തെരഞ്ഞെടുപ്പിൽ പരസ്യപ്രചാരണം അവസാനിക്കാൻ ഒരാഴ്ച മാത്രം നിലനിൽക്കെ ഏറ്റവും ചൂടേറിയ മണ്ഡലമാവുകയാണ് വടകര. എൽ.ഡി.എഫ് സ്ഥാനാർഥി കെ.കെ ശൈലജയ്ക്കെതിരെയുള്ള സൈബർ ആക്രമണവും നൽകിയ പരാതിയുമാണ് ഇരുമുന്നണികളും പ്രചാരണത്തിൽ വിഷയമാക്കുന്നത്. പരാതിയിൽ എന്തുകൊണ്ട് നടപടിയില്ല എന്ന ചോദ്യമാണ് യു.ഡി.എഫ് ഉയർത്തുന്നത്.കെകെ ശൈലജയെ സമൂഹമാധ്യമത്തിലൂടെ അപമാനിച്ചെന്ന പരാതിയിൽ മുസ്‌ലിം ലീഗ് പ്രവർത്തകനെതിരെ കേസെടുത്തിരുന്നു. ന്യൂമാഹി പഞ്ചായത്തിലെ ഭാരവാഹി അസ്‌ലമിനെതിരെയാണ് കേസെടുത്തത്. സമൂഹമാധ്യമങ്ങളിലൂടെ തനിക്കെതിരെ വ്യാജപ്രചാരണം നടത്തുന്നു എന്നാരോപിച്ച് യുഡിഎഫ് സ്ഥാനാർത്ഥി ഷാഫി പറമ്പിലിനെതിരെ കെ.കെ ശൈലജ പരാതി നൽകിയിരുന്നു. മുഖ്യമന്ത്രി, ഡിജിപി, ജില്ലാ കളക്ടർ എന്നിവർക്കാണ് ശൈലജ ഇന്നലെ പരാതി നൽകിയത്. ഷാഫിയുടെ അറിവോടെയാണ് സൈബർ ആക്രമണമെന്നാണ് പരാതിയിൽ പറയുന്നത്.

# തെരഞ്ഞെടുപ്പ് ദിവസം അവധിയില്ലെന്ന്; ഫ്ലിപ്കാർട്ടിനും ബിഗ് ബാസ്ക്കറ്റിനുമെതിരെ പരാതി

ചെന്നൈ: തെരഞ്ഞെടുപ്പ് ദിവസം ഡെലിവറി ബോയ്സിന് അവധി നൽകുന്നില്ലെന്ന് കാണിച്ച് ഇ-കൊമേഴ്സ് കമ്പനികളായ ഫ്ലിപ്കാർട്ടിനും ടാറ്റ ഗ്രൂപ്പിന്റെ ബിഗ് ബാസ്ക്കറ്റിനും എതിരെ പരാതി.


മദ്രാസ് ഹൈക്കോടതി അഭിഭാഷകൻ കെ. നരസിംഹനാണ് ബുധനാഴ്ച തമിഴ്നാട് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ ബി. കോതി നിർമലസാമിക്ക് പരാതി നൽകിയത്.

തെരഞ്ഞെടുപ്പ് ദിവസമായ ഏപ്രിൽ 19ന് സംസ്ഥാന സർക്കാർ അവധി പ്രഖ്യാപിച്ചിട്ടും അന്നേ ദിവസം ഓർഡർ ഡെലിവറി ഉറപ്പാക്കുമെന്നാണ് ഫ്ലിപ്കാർട്ടും ബിഗ്ബാസ്കറ്റും വാഗ്ദാനം ചെയ്യുന്നതെന്ന് പരാതിയിൽ പറയുന്നു. സർക്കാർ ഉത്തരവ് പ്രകാരം 1881ലെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ട് സെക്ഷൻ 25 പ്രകാരം തെരഞ്ഞെടുപ്പ് പ്രക്രിയ സുഗമമാക്കാൻ ഏപ്രിൽ 19ന് ഔദ്യോഗികമായി പൊതുഅവധി പ്രഖ്യാപിച്ചിട്ടുണ്ട്.

ജനാധിപത്യ പ്രക്രിയയിൽ പങ്കാളിത്തം ഉറപ്പാക്കാൻ കടകൾ, വാണിജ്യ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ, ഐ.ടി കമ്പനികൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന എല്ലാ ജീവനക്കാർക്കും തമിഴ്നാട്ടിലെ തൊഴിൽ ക്ഷേമ, നൈപുണ്യ വികസന വകുപ്പ് ഏപ്രിൽ 19ന് ശമ്പളത്തോടുകൂടിയ അവധി നൽകണമെന്നും നരസിംഹൻ വ്യക്തമാക്കി.

അതേസമയം, തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അധികൃതർ നൽകിയ എല്ലാ മാർഗനിർദേശങ്ങളും പാലിക്കുന്നുണ്ടെന്ന് ഫ്ലിപ്കാർട്ട് അറിയിച്ചു. യോഗ്യരായ എല്ലാ ജീവനക്കാർക്കും ശമ്പളത്തോടുകൂടിയ അവധി നൽകും. കൂടാതെ, ബോധവത്കരണം നടത്താനും ജീവനക്കാരെ വോട്ടുചെയ്യാൻ പ്രോത്സാഹിപ്പിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഫ്ലിപ്കാർട്ട് വക്താവ് പറഞ്ഞു.

# പോപുലർ ഫ്രണ്ട് മുൻ ചെയർമാൻ ഒ.എം.എ സലാമിന്റെ മകൾ വാഹനാപകടത്തിൽ മരിച്ചു



കൽപ്പറ്റ: പോപുലർ ഫ്രണ്ട് മുൻ ചെയർമാൻ ഒ.എം.എ സലാമിന്റെ മകൾ ഫാത്തിമ തസ്കിയ (24) വാഹനാപകടത്തിൽ മരിച്ചു. കോഴിക്കോട് മെഡിക്കൽ കോളജിലെ എം.ബി.ബി.എസ് വിദ്യാർഥിനിയാണ്. മഞ്ചേരി പാലക്കുളം സ്വദേശിയാണ്.മെഡിക്കൽ ഹെൽത്ത് ക്ലബ് മീറ്റിങ്ങുമായി ബന്ധപ്പെട്ട് കൽപ്പറ്റയിൽ പോയി തിരിച്ചുവരുന്നതിനിടെയാണ് അപകടം. പിണങ്ങോട് നിന്ന് പൊഴുതന ആറാം മൈലിലേക്ക് പോകുന്ന റോഡിലെ വളവിൽ തസ്കിയയും കൂട്ടുകാരിയും സഞ്ചരിച്ച സ്കൂട്ടർ റോഡിൽനിന്ന് താഴ്ചയിലേക്ക് മറിയുകയായിരുന്നു. കൂടെയുണ്ടായിരുന്ന അജ്മിയക്ക് ഗുരുതര പരിക്കേറ്റു. ഇവർ കോഴിക്കോട് മെഡിക്കൽ കോളജിൽ ചികിത്സയിലാണ്.

# സൗത്ത് ഗോവയിലെ ബിജെപി സ്ഥാനാർഥിയുടെ ആസ്തി 250 കോടിയിലേറെ

പനാജി: ലോക്സഭാ തെരഞ്ഞെടുപ്പിൽ ബിജെപിയുടെ കോടീശ്വര സ്ഥാനാർഥികളുടെ പട്ടികയിൽ ഒന്നാം സ്ഥാനം ?ഗോവയിലേക്ക്. സൗത്ത് ഗോവാ ലോക്സഭാ മണ്ഡലത്തിലെ ബിജെപി സ്ഥാനാർഥി പല്ലവി ഡെംപോയ്ക്കാണ് ഞെട്ടിക്കുന്ന ആസ്തി. വ്യവസായി ശ്രീനിവാസ് ഡെംപോയുടെ ഭാര്യയായ പല്ലവിക്ക് 250 കോടിയിലധികം ആസ്തി ഉണ്ടെന്നാണ് തെരഞ്ഞെടുപ്പ് സത്യവാങ്മൂലം.

വരാനിരിക്കുന്ന തെരഞ്ഞെടുപ്പിനുള്ള നാമനിർദേശ പത്രികയ്ക്കൊപ്പം സമർപ്പിച്ച സത്യവാങ്മൂലത്തിലാണ് ഞെട്ടിക്കുന്ന സ്വത്ത് വെളിപ്പെടുത്തിയിരിക്കുന്നത്. ഏകദേശം 217.11 കോടിയുടെ ബോണ്ടുകൾ, ഏകദേശം 12.92 കോടി സമ്പാദ്യം, ഏകദേശം 2.54 കോടിയുടെ വാഹനങ്ങൾ, ഏകദേശം 5.69 കോടിയുടെ സ്വർണം, ഏകദേശം 9.75 കോടി വിലമതിക്കുന്ന മറ്റ് വസ്തുക്കൾ എന്നിവയുൾപ്പെടെയുള്ള സ്വത്തുക്കളുടെ വിവരമാണ് സത്യവാങ്മൂലത്തിൽ വെളിപ്പെടുത്തിയത്.

ഡെംപോ ഇൻഡസ്ട്രീസ് എക്സിക്യൂട്ടീവ് ഡയറക്ടറായ പല്ലവി ഡെംപോ കോൺഗ്രസിന്റെ വിരിയാറ്റോ ഫെർണാണ്ടസിനെതിരെയാണ് മത്സരിക്കുന്നത്. പല്ലവി ഡെംപോയ്ക്കൊപ്പം, നോർത്ത് ഗോവയിൽ നിന്നുള്ള ബിജെപി സ്ഥാനാർഥി ശ്രീപദ് നായികും ചൊവ്വാഴ്ച നാമനിർദേശ പത്രിക സമർപ്പിച്ചു.

ഗോവ മുഖ്യമന്ത്രി പ്രമോദ് സാവന്ത് ഇരുവരും നാമനിർദേശ പത്രിക സമർപ്പിക്കുമ്പോൾ ഒപ്പമുണ്ടായിരുന്നു. മേയ് ഏഴിന് ഒറ്റ ഘട്ടമായാണ് ഗോവയിൽ ലോക്സഭാ തെരഞ്ഞെടുപ്പ് നടക്കുക.

അതേസമയം, മഥുര പാർലമെന്റ് മണ്ഡലത്തിലെ ബിജെപി സ്ഥാനാർഥിയും നടിയുമായ ഹേമമാലിനിയുടെ ആസ്തി 142 കോടി രൂപയാണെന്ന് തെരഞ്ഞെടുപ്പ് സത്യവാങ്മൂലം പറയുന്നു. മഥുരയിൽ തുടർച്ചയായ മൂന്നാം തവണയാണ് ഇവർ ജനവിധി തേടുന്നത്. കഴിഞ്ഞ തവണ മത്സരിക്കുമ്പോൾ ഹേമമാലിനിയുടെ സ്വത്ത് 114 കോടി രൂപയായിരുന്നു.

രാജസ്ഥാനിലെ നാഗൗറിൽ നിന്നുള്ള ബിജെപി സ്ഥാനാർഥി ജ്യോതി മിർധയ്ക്ക് 126 കോടി രൂപയുടെ ആസ്തിയാണുള്ളത്. എന്നാൽ സ്വന്തമായി കാറില്ല. ലൈസൻസുള്ള ഒരു തോക്കും പിസ്റ്റളും മിർധയുടെ പക്കലുണ്ട്. ജയ്പൂർ, ഗുരുഗ്രാം, മുംബൈ, നാഗൗർ എന്നിവിടങ്ങളിൽ പ്ലോട്ടുകളും ഫ്ലാറ്റുകളും കാർഷിക ഫാമുകളും ഉണ്ട്. കൈവശം 1.70 ലക്ഷം രൂപ പണമായും ഭർത്താവിന്റെ പക്കൽ 1.40 ലക്ഷം രൂപയുമുണ്ട്.

## ഇന്നത്തെ ചിന്താവിഷയം
## വാഗ്വാദവും ചർച്ചയും തമ്മിലുള്ള വ്യത്യാസം

ജീവിതത്തിൽ പലപ്പോഴും പ്രതിസന്ധികൾ വന്നു ചേരാറുണ്ട്. അവയൊക്കെ തരണം ചെയ്യുവാൻ നമ്മുടെ അറിവും ബോധവും ജ്ഞാനവും ഉപയോഗിക്കേണ്ടി വരുന്നു. ചിലപ്പോൾ ചർച്ചകളും പഠനങ്ങളും വേണ്ടിവരുന്നു. ചർച്ചകളിലൂടെ അവരവരുടെ നിലപാടുകൾ വ്യക്തമാക്കാനാകുന്നു. അതിൽ നന്മയും പ്രകടിപ്പിച്ചുവെന്ന് വരാം. അവിടെ പൊതുവായി എടുക്കുന്ന തീരുമാനങ്ങൾ സ്വീകാര്യമായി വന്നെന്നും വരാം. അത് ശരിയും തെറ്റും കണ്ടെത്താനാകുന്നു. എന്നാൽ പക്ഷപാദപരമായിട്ട് നീങ്ങുമ്പോൾ അവിടെ തർക്കങ്ങളായി. ഏകപക്ഷീയമായ നിലപാടുകൾ ഒരിക്കലും ആരോഗ്യപരമായിരിക്കില്ല. അവിടെ പ്രകടമാകുന്ന നിർബന്ധബുദ്ധി തെറ്റുകൾ ആവർത്തിച്ചെന്നു വരാം.അത് വാഗ്വാദങ്ങൾ സൃഷ്ടിക്കുന്നു. പൊള്ളയായ വാഗ്വാദങ്ങൾ ഞാൻ പിടിച്ച മുയലിന് രണ്ടു കൊമ്പെന്ന മാതിരി വികലത സൃഷ്ടിക്കും. അതുകൊണ്ട് ചർച്ചകളായിരിക്കും എന്തുകൊണ്ടും ആഭികാമ്യം. അവിടെ ശരിയും തെറ്റും തിരിച്ചറിയാനാകുന്നു. ചിലവസ്തുകളിൽ എനിക്കു ശരിയെന്നു തോന്നുന്നത് മറ്റൊരാൾക്കു തെറ്റായി ഭവിക്കാം. അതുപോലെ മറിച്ചും വന്നെന്നു വരാം. ഇവിടെയാണ് തർക്കങ്ങളുടെ തുടക്കം. ഒരു തർക്കവും യഥാർത്ഥ സത്യത്തിൽ ചെന്നവസാനിക്കുന്നില്ല. തീരുമാനങ്ങളിൽ പോലും സത്യം കാണണമെന്നില്ല. അതിനാൽ നാം യുക്തിയും ബോധവും ഉപയോഗിച്ചുള്ള സമീപനം ചർച്ചകളിൽ ഫലം കണ്ടെത്താനാകും. വിട്ടുവീഴ്ചാ മനോഭാവം ഇരുകൂട്ടരിൽ നിന്നും ഉണ്ടാകണം. എങ്കിലെ ചർച്ചകൾ വിജയപ്രാപ്തി നേടു. സത്യം തികച്ചും ന്യായയുക്തമായിരിക്കും. തർക്കമറ്റതായിരിക്കും. ജയിക്കാനുള്ള വാദങ്ങളെ പ്രോത്സാഹിപ്പിക്കാനാകില്ല.സത്യത്തെ അറിയുകയും സത്യസന്ധതയിലൂടെ ജീവിക്കുകയും ചെയ്യുമ്പോൾ തർക്കങ്ങൾ ഇല്ലാതാകുകയും എല്ലാം ഈശ്വരപാദങ്ങളിൽ സമർപ്പിച്ച് ശാന്തിയും സമാധാനവും നിലനിർത്താനാകുന്നു. ശാന്തിയും സമാധാനവും ഉള്ളിടത്ത് ഈശ്വര ചൈതന്യം കുടിയിരിക്കും. ഈശ്വര ചൈതന്യം മനസ്സിന്റെ നിർമ്മലത വർദ്ധിപ്പിക്കും. മനസ്സ് നിർമ്മലാവസ്ഥയിലെങ്കിൽ തർക്കങ്ങളെല്ലാം ചർച്ചകൾക്ക് വഴിയൊരുക്കുകയും ചർച്ചകളിലൂടെ സ്വീകാര്യത വന്നു ചേരുകയും ചെയ്യുന്നു. ഏവർക്കും സുപ്രഭാതവും സുദിനവും ആയുരാരോഗ്യവും നേർന്നു കൊണ്ട് നന്ദി നമസ്ക്കാരം.

**കെ. വിജയൻ നായർ മുംബൈ**

## ജീവനെയറിയുക

>>>>>>>>>>>>>>>>>


ഇവിടെയണയുന്ന ജീവനെയറിയുക
ഇനിയും പൊലിയുകയപരാധമല്ലോ
ഇടനെഞ്ചു തകരുന്ന വാർത്തകളിൽ
ഇനിയും പുലർത്തു പരിഗണനകൾ.

ഏതു പൗരനും തുല്യരാണെവിടെയും
എന്റെ ജീവൻപോൽ നിന്റേതുമമൂല്യം
എത് നേരത്തുമണഞ്ഞിടാമീ ജീവനും
എത്രെ ഹ്യസ്വമാണീ ജീവിതകാലങ്ങൾ.

സ്വച്ഛമായ് ജീവിക്കേണമീ ധരണിയിൽ
സ്വപ്നങ്ങൾ പൂത്തിടാനിടവും വേണം
സുരക്ഷയൊരുക്കണമതിൽ ജാഗ്രത
സുമന്ത്രങ്ങളാകണം കർമ്മതലങ്ങൾ.

കനത്തവിലകളൊട്ടു കണ്ടിട്ടുമിവിടെ
കാര്യം ഗ്രഹിച്ചില്ലാരും തനിയാവർത്തനം
കൺമുന്നിലനുഭവം തീർത്തിട്ടുമാർക്കും
കണ്ണീർപ്പുഴ നിറഞ്ഞൊഴുകുന്നു കഷ്ടം.

വിശിഷ്ടരും അല്ലാത്തവരും എന്തിന്നു
വേർതിരുവുകൾ,നിണമേവരിലുമുണ്ട്
വൈശിഷ്ടമേതു ജീവനും ജീവിതവും
വിരിയട്ടെ മണ്ണിലും വിണ്ണിലും കുസുമം.



**കെ. വിജയൻ നായർ**
**മുംബൈ**

# രാമനവമി ഘോഷയാത്രയ്ക്കിടെ ബിജെപി കലാപത്തിന് പദ്ധതിയിടുന്നതായി മമത ബാനർജി

കൊൽക്കത്ത: രാമനവമി പ്രമാണിച്ച് സംസ്ഥാനത്ത് ബിജെപിയും ഹിന്ദുത്വ സംഘടനകളും കലാപം ഉണ്ടാക്കാൻ പദ്ധതിയിടുന്നതായി പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി. കഴിഞ്ഞ വർഷത്തെ ആഘോഷങ്ങൾക്കിടെ സംസ്ഥാനത്ത് അക്രമം ഉണ്ടാവുകയും ഇത് ബിജെപി- തൃണമൂൽ ഏറ്റുമുട്ടലിലേക്ക് നയിക്കുകയും ചെയ്തിരുന്നു. ഈ പശ്ചാത്തലത്തിലാണ് മമതയുടെ മുന്നറിയിപ്പ്.

'അവർ ഇന്ന് കലാപത്തിൽ ഏർപ്പെടും. കലാപത്തിനുള്ള എല്ലാ സാധ്യതയും ഉണ്ട്. അവർ കലാപത്തിലൂടെയും വോട്ട് കൊള്ളയിലൂടെയും തെരഞ്ഞെടുപ്പ് വിജയിക്കും'- തെരഞ്ഞെടുപ്പ് റാലിയിൽ വോട്ടർമാരെ അഭിസംബോധന ചെയ്യവെ മമത പറഞ്ഞു. ആഘോഷ വേളയിൽ സമാധാനം നിലനിർത്താനും അവർ അഭ്യർഥിച്ചു.

എന്നാൽ, മുഖ്യമന്ത്രി ഭാരതീയ സംസ്കാരത്തെയും സനാതന സംസ്കാരത്തെയും അപമാനിക്കുകയാണെന്ന് ബിജെപി ആരോപിച്ചു.

അതേസമയം, ബിജെപിയുടേതിന് ബദലായി പശ്ചിമ ബംഗാളിൽ തൃണമൂൽ കോൺഗ്രസും രാമനവമി ഘോഷയാത്ര നടത്തി. 'വിശാൽ ശോഭാ യാത്ര' എന്ന പേരിലായിരുന്നു നിരവധി സ്ത്രീകളടക്കം പങ്കെടുത്ത പരിപാടി.

നഗരത്തിലെ ന്യൂ ടൗൺ ഏരിയയിൽ നടന്ന ബിജെപി രാമനവമി ഘോഷയാത്രയിൽ പ്രതിപക്ഷ നേതാവ് സുവേന്ദു അധികാരി പങ്കെടുത്തു. തൃണമൂൽ സംഘടിപ്പിച്ച രാമനവമി ഘോഷയാത്രയിൽ മന്ത്രി അരൂപ് റോയിയും പാർട്ടിയുടെ ഹൗറ ലോക്സഭാ മണ്ഡലം സ്ഥാനാർഥി പ്രസൂൺ ബാനർജിയും പങ്കെടുത്തു.

ഹിന്ദുത്വ സംഘടനകൾ സംഘടിപ്പിച്ച ഘോഷയാത്രയിൽ നിരവധി പേർ 'ജയ് ശ്രീറാം' മുഴക്കിയും കാവി പതാകകളും വാളുകളും പിടിച്ചാണ് പങ്കെടുത്തത്. സംഘർഷങ്ങളും അക്രമങ്ങളും ഒഴിവാക്കാൻ പൊലീസും സുരക്ഷാ സേനയും കനത്ത ജാഗ്രത പുലർത്തുന്നുണ്ട്.

# കർണാടകയിൽ വീണ്ടും ബിജെപിക്ക് തിരിച്ചടി; മുതിർന്ന എം.പിയും സംഘവും കോൺഗ്രസിൽ ചേർന്നു




ബംഗളൂരു: കർണാടകയിൽ വീണ്ടും ബിജെപിക്ക് തിരിച്ചടി. കൊപ്പാൽ മണ്ഡലത്തിൽ നിന്നുള്ള എം.പി കാരാഡി സങ്കണ്ണ അമരപ്പയും സഹപ്രവർത്തകരും കോൺഗ്രസിൽ ചേർന്നു. മുഖ്യമന്ത്രി സിദ്ധാരാമയ്യ, ഉപമുഖ്യമന്ത്രി ഡി.കെ. ശിവകുമാർ എന്നിവർ ത്രിവർണ പതാക കൈമാറി പാർട്ടിയിലേക്ക് സ്വാഗതം ചെയ്തു.

കൊപ്പൽ ജില്ല ചുമതലയുള്ള മന്ത്രി ശിവരാജ് തങ്കഡഗി, എം.എൽ.എമാരായ കെ. രാഘവേന്ദ്ര ഹിത്നൽ, ബസവരാജ് റായറെഡ്ഡി, ഹമ്പനഗൗഡ ബദർളി, ലക്ഷ്മൺ സവാദി, ഡി.സി.സി പ്രസിഡന്റ് അമരേഗൗഡ ബയ്യപൂർ, മുൻ മന്ത്രി എച്ച്.എം. രേവണ്ണ, കെ.പി.സി.സി ഭാരവാഹികൾ പങ്കെടുത്തു.

ബിജെപി സീറ്റ് നിഷേധിച്ചതിനെത്തുടർന്ന് മാധ്യമങ്ങൾക്ക് മുന്നിൽ പൊട്ടിക്കരഞ്ഞ 74കാരനായ സങ്കണ്ണ ഏറെ അസ്വസ്ഥനായിരുന്നു. മുഖ്യമന്ത്രി സിദ്ധാരാമയ്യ, ഉപമുഖ്യമന്ത്രിയും കെപിസിസി അധ്യക്ഷനുമായ ഡി.കെ ശിവകുമാർ എന്നിവരെ സന്ദർശിച്ച ശേഷം കോൺഗ്രസിൽ ചേരുന്ന കാര്യം തീരുമാനിക്കുമെന്ന് കാരാഡി ചൊവ്വാഴ്ച തന്റെ വസതിയിൽ മാധ്യമങ്ങളോട് പറഞ്ഞിരുന്നു.ഡി.കെ. ശിവകുമാർ ചൊവ്വാഴ്ച കേരളത്തിൽ തിരുവനന്തപുരത്ത് ശശി തരൂർ, കണ്ണൂരിൽ കെ. സുധാകരൻ, വടകരയിൽ ഷാഫി പറമ്പിൽ എന്നിവരുടെ തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടികൾ കഴിഞ്ഞ് തിരിച്ചെത്തിയ ശേഷം നടന്ന കൂടിക്കാഴ്ചയ്ക്ക് പിന്നാലെയാണ് ബിജെപി എം.പിയുടെ കോൺഗ്രസ് പ്രവേശനം.

കഴിഞ്ഞദിവസങ്ങളിൽ വിവിധ എം.പിമാരടക്കം നിരവധി ബിജെപി നേതാക്കൾ കോൺഗ്രസിൽ ചേർന്നിരുന്നു. ബിഹാറിലെ മുസഫർപുർ എം.പി അജയ് നിഷാദാണ് ഈ മാസം ആദ്യമാണ് ബിജെപിയിൽ നിന്നും രാജി വച്ചത്. രണ്ട് തവണ മുസഫർപുർ മണ്ഡലത്തിൽ നിന്നും എം.പിയായ അജയ് നിഷാദിന് ഇത്തവണ ബിജെപി സീറ്റ് നിഷേധിക്കുകയായിരുന്നു.ത്രിപുരയിൽ മുൻ എംഎൽഎയും മുതിർന്ന അഭിഭാഷകനുമായ അരുൺ ചന്ദ്ര ഭൗമിക്കും കോൺഗ്രസിൽ ചേർന്നിരുന്നു. കർണാടക ബിജെപി എംഎൽഎ തേജസ്വിനി ഗൗഡയും കഴിഞ്ഞമാസം കോൺഗ്രസിൽ ചേർന്നിരുന്നു. ഹരിയാനയിലെയും രാജസ്ഥാനിലേയും എം.പിമാരും രാജിവച്ച് കോൺഗ്രസിൽ ചേർന്നിരുന്നു.

ഹരിയാന ഹിസാറിൽ നിന്നുള്ള ബിജെപി എം.പി ബ്രിജേന്ദ്ര സിങ്, രാജസ്ഥാൻ ചുരു മണ്ഡലത്തിൽ നിന്നുള്ള എം.പി രാഹുൽ കസ്വാൻ എന്നിവരാണ് അടുത്തിടെ പാർട്ടി വിട്ട മറ്റുള്ളവർ.

# ദൂരദർശന്റെ ലോഗോ ഇനി കാവി നിറത്തിൽ

ന്യൂഡൽഹി: ദൂരദർശന്റെ ലോഗോ കാവി നിറത്തിലാക്കി പ്രസാർ ഭാരതി. ഡിസൈനിൽ ലോഗോയുടെയും അക്ഷരങ്ങളുടേയും നിറമാണ് കാവി ആക്കി പരിഷ്കരിച്ചത്. നേരത്തെ മഞ്ഞ- നീല നിറത്തിൽ ആയിരുന്നു ലോഗോ.ലോഗോ മാറ്റത്തിൽ വിശദീകരണവുമായി ദൂർദർശൻ രംഗത്തെത്തി. ലോഗോയിൽ മാത്രമാണ് ദൂരദർശൻ മാറ്റം വരുത്തിയിട്ടുള്ളതെന്നും തങ്ങളുടെ മൂല്യങ്ങൾ പഴയപടി തുടരുമെന്നും ഡിഡി ന്യൂസിന്റെ ഔദ്യോഗിക എക്സ് അക്കൗണ്ടിൽ പറയുന്നു.

കൃത്യവും സത്യസന്ധവുമായ വാർത്തയാണ് തങ്ങൾ മുന്നിലെത്തിക്കുന്നതെന്നും പോസ്റ്റിലുണ്ട്. പുതിയ രൂപവും ഭാവവുമായി സത്യത്തിന്റെയും ധീരതയുടേയും പത്രപ്രവർത്തനമാണ് നടത്തുന്നതെന്ന് ഡിഡി ന്യൂസിന്റെ ഡയറക്ടർ ജനറൽ എക്സ് പോസ്റ്റിൽ അവകാശപ്പെട്ടു.

ലോഗോയ്ക്കൊപ്പം ചാനലിന്റെ സ്ക്രീനിങ് നിറവും കാവിയാക്കിയിട്ടുണ്ട്. അതേസമയം, ലോഗോ മാറ്റത്തിനെതിരെ സോഷ്യൽമീഡിയയിൽ വിമർശനങ്ങളും ഉയർന്നിട്ടുണ്ട്.



വിന്നേഴ്സ് ആയ ചക്കാലക്കൽ സ്പോർട്സ് അക്കാദമി ടീമിന് കേരള സ്പോർട്സ് കൗൺസിൽ മെമ്പർ ടിഎം അബ്ദുറഹ്മാൻ മാസ്റ്റർ ട്രോഫി നൽകുന്നു

## ജില്ലാ സീനിയർ റഗ്ബി; ചക്കാലക്കൽ അക്കാദമിയുടെയും മെഡിക്കൽ കോളേജ് അക്കാദമിയും ജേതാക്കൾ

താമരശ്ശേരി : ജില്ലാ റഗ്ബി അസോസിയേഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ജില്ലാ റഗ്ബി സീനിയർ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ മെഡിക്കൽ കോളേജ് സ്പോർട്സ് അക്കാദമിയും പെൺകുട്ടികളുടെ വിഭാഗത്തിൽ ചക്കാലക്കൽ എച്ച്.എസ്. എസ് സ്പോർട്സ് അക്കാദമിയും ജേതാക്കളായി.

ആൺകുട്ടികളുടെ വിഭാഗത്തിൽ ഗുരുവായൂർപ്പൻ കോളേജും പെൺകുട്ടി വിഭാഗത്തിൽ കെ.എസ്.എ കൈതപ്പൊയിലും രണ്ടാം സ്ഥാനം നേടി. ഇരു വിഭാഗത്തിലും പുതുപ്പാടി സ്പോർട്സ് അക്കാദമി മൂന്നാം സ്ഥാനം നേടി. സമാപന ചടങ്ങിൽ കേരള സ്പോർട്സ് കൗൺസിൽ അംഗം ടി.എം അബ്ദുറഹിമാൻ വിജയികൾക്ക് സമ്മാനദാനം നിർവ്വഹിച്ചു. പുതുപ്പാടി സ്പോർട്സ് അക്കാദമി ചെയർമാൻ ബിജു വാചാലിൽ അധ്യക്ഷത വഹിച്ചു. സി.ടി ഇല്ല്യാസ്, റിയാസ് അടിവാരം, അബ്ദുള്ളക്കുട്ടി കരുവൻ പൊയിൽ, പി.കെ സുകുമാരൻ ,കെ.റഫീഖ്, കെ. വിനു, ഷമീം അബ്ദുറഹിമാൻ സ്വാഗതവും ശ്രീജികുമാർ നന്ദിയും പറഞ്ഞു.

## ലബനാനിൽ വ്യോമാക്രമണം; ഹിസ്ബുല്ല ആക്രമണത്തിന് മറുപടിയെന്ന് ഇസ്രായേൽ

ലബനാൻ: ലബനാന്റെ ഉൾപ്രദേശമായ ബേകാ താഴ്‌വരയ്ക്കു നേരെ ഇസ്രായേൽ വ്യോമാക്രമണം. ഹിസ്ബുല്ലയുടെ ആക്രമണത്തിനുള്ള മറുപടിയെന്ന് ഇസ്രായേൽ ആർമി റേഡിയോ.ഇന്നുച്ചക്കാണ് ഇസ്രായേലിന് നേരെ ഹിസ്ബുല്ലയുടെ മിസൈൽ ആക്രമണമുണ്ടായത്.

ആക്രമണത്തിൽ 14 സൈനികർക്ക് പരിക്കേറ്റിരുന്നു. പശ്ചിമ ഗലിലീയിലെ കെട്ടിടത്തിലാണ് മിസൈൽ പതിച്ചത്. പരിക്കേറ്റവരിൽ ആറ് പേരുടെ നില ഗുരുതരമാണ്.കഴിഞ്ഞ രണ്ടു ദിവസമായി ലബനാൻ-ഇസ്രായേൽ അതിർത്തിയിൽ പോരാട്ടം തുടരുകയാണ്. ഒറ്റപ്പെട്ട രീതിയിലുണ്ടായിരുന്ന ആക്രമണം ഇന്നത്തോടെ ശക്തി പ്രാപിക്കുകയായിരുന്നു.നാല് മിസൈലുകളാണ് പശ്ചിമ ഗലീലിയിൽ പതിച്ചത്. ഈ മിസൈലുകളെ കണ്ടെത്താനോ തടയാനോ അയൺ ഡോം സിസ്റ്റത്തിന് സാധിച്ചില്ല.ഇതിനിടെ ഗസ്സയിൽ താൽക്കാലിക തുറമുഖം നിർമിക്കാനുള്ള ഉത്പന്നങ്ങളുമായി പോയ അമേരിക്കൻ കപ്പലിന് തീപിടിച്ചു.

## മോദിക്കും സർക്കാരിനുമെതിരായ പോസ്റ്റുകൾ എക്സ് നീക്കുന്നുവെന്ന് കോൺഗ്രസ്

ഡൽഹി: മോദിക്കും കേന്ദ്ര സർക്കാരിനുമെതിരായ പോസ്റ്റുകൾ തെരഞ്ഞെടുപ്പ് കമ്മീഷൻ എക്സിൽ നിന്ന് നീക്കുന്നുവെന്ന് കോൺഗ്രസ്. ഇലക്ടൽ ബോണ്ട് , ഇ.വി.എം എന്നിവയുമായി ബന്ധപ്പെട്ട പോസ്റ്റുകളാണ് നീക്കം ചെയ്യുന്നത്.

തങ്ങൾ അഭിപ്രായസ്വാതന്ത്രത്തിന് എതിരല്ലെന്നും നിർദേശങ്ങൾ വന്നതിനാലാണ് പോസ്റ്റുകൾ നീക്കം ചെയ്തതെന്നും എക്സ് അറിയിച്ചു.എക്സിൽ നിന്നും കോൺഗ്രസുമായി ബന്ധപ്പെട്ട നാല് അക്കൗണ്ടുകൾ ഇതുമായി ബന്ധപ്പെട്ട് നീക്കം ചെയ്തിട്ടുണ്ട്.

കേന്ദ്ര സർക്കാർ എതിർശബ്ദങ്ങളെ ഇല്ലാതാക്കാൻ ശ്രമിക്കുകയാണെന്നും കോൺഗ്രസ് സംഭവത്തിൽ പ്രതികരിച്ചു. മാർച്ച് 18ന് എ.എ.പി ഇല്കട്രൽ ബോണ്ടിനെ പരാമർശിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മോർഫ് ചെയ്ത ഫോട്ടോ 'ബോണ്ട് ചോർ' എന്ന പേരിൽ എക്സിൽ പോസ്റ്റ് ചെയ്തിരുന്നു. ഈ പോസ്റ്റും തെരഞ്ഞെടുപ്പ് കമ്മീഷൻ ഇടപെട്ട് നീക്കം ചെയ്തിരുന്നു.

തെരഞ്ഞെടുപ്പ് ചട്ടത്തിന്റെ രണ്ടാം നിബന്ധനക്കെതിരായതുകൊണ്ടാണ് എക്സിൽ നിന്നും പോസ്റ്റുകൾ ഒഴിവാക്കിയതെന്നാണ് തെരഞ്ഞെടുപ്പ് കമ്മീഷന്റെ വാദം.നേതാക്കളുടെയും സ്ഥാനാർഥികളുടെയും പാർട്ടികളുടെയും സ്വകാര്യജീവിതത്തിലെ എല്ലാ വശങ്ങളിൽ നിന്നും വിട്ടുനിൽക്കുന്നതായിരിക്കണം സമൂഹമാധ്യമങ്ങളിൽ പങ്കുവയ്ക്കുന്ന പോസ്റ്റുകളെന്നും അത്തരത്തിലുള്ള പോസ്റ്റുകളാണ് നീക്കിയതെന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ പറഞ്ഞു.

## രാജ്യസുരക്ഷയിൽ ആശങ്ക: എക്സ് നിരോധിച്ച് പാകിസ്താൻ

ഇസ്ലാമാബാദ്: സമൂഹമാധ്യമമായ 'എക്സ്' (ട്വിറ്റർ) നിരോധിച്ച് പാകിസ്താൻ. രാജ്യസുരക്ഷ സംബന്ധിച്ച ആശങ്ക കണക്കിലെടുത്താണു താൽക്കാലിക നിരോധനമെന്നു പാക്ക് ആഭ്യന്തര മന്ത്രാലയം അറിയിച്ചു. എക്സിനു നിരോധനമുള്ളതായി അഭ്യൂഹം ഉണ്ടായിരുന്നെങ്കിലും പാകിസ്താൻ ഔദ്യോഗികമായി പ്രഖ്യാപിച്ചത് ഇപ്പോഴാണ്.

ഫെബ്രുവരി പകുതി മുതൽ എക്സ് ഉപയോ?ഗിക്കാൻ സാധിക്കുന്നില്ലെന്ന പരാതി ഉപയോക്താക്കളിൽനിന്ന് ഉയർന്നിരുന്നു. എന്നാൽ, ഔദ്യോ?ഗിക പ്രതികരണങ്ങളൊന്നുമുണ്ടായിരുന്നില്ല. പാക് ആഭ്യന്തര മന്ത്രാലയം ഇസ്ലാമാബാദ് ഹൈക്കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിലാണ് നടപടിയെക്കുറിച്ചുള്ള വെളിപ്പെടുത്തലുള്ളത്.

നിരോധനത്തെ ചോദ്യം ചെയ്ത് മാധ്യമപ്രവർത്തകൻ എഹ്തിഷാം അബ്ബാസി നൽകിയ ഹർജിയിലാണ് സെക്രട്ടറി ഖുറം ആഘ കോടതിയിൽ ഇക്കാര്യം വ്യക്തമാക്കിയത്. എക്സിന്റെ സേവനങ്ങൾ കഴിഞ്ഞ രണ്ട് മാസമായി പാകിസ്താനിൽ തടസ്സപ്പെട്ടിരുന്നു. ഇതിന് പിന്നാലെയാണ് വിഷയം കോടതിയിൽ എത്തിയത്.

ഫെബ്രുവരി എട്ടിന് നടന്ന പൊതുതെരഞ്ഞെടുപ്പിൽ പാകിസ്താൻ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറും ചീഫ് ജസ്റ്റിസും കൈകടത്തിയെന്ന് റാവൽപിണ്ടി മുൻ കമ്മീഷണർ ലിയാഖത്ത് ചാത്ത ആരോപിച്ചതിന് പിന്നാലെയാണ് എക്സിന്റെ സേവനങ്ങൾ രാജ്യത്ത് തടസ്സപ്പെട്ടത് എന്നാണ് ആരോപണം.

സാമൂഹികപ്രവർത്തകരും മാധ്യമപ്രവർത്തകരുടെ സംഘടനകളും സമൂഹമാധ്യമങ്ങളെ നിയന്ത്രിക്കുന്ന സർക്കാർ നടപടിക്കെതിരെ രംഗത്ത് എത്തി. സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾക്കുള്ള നിയന്ത്രണങ്ങൾ നീക്കണമെന്ന് അമേരിക്ക പാകിസ്താനോട് ആവശ്യപ്പെട്ടിരുന്നു. അതേസമയം എക്സിന്റെ നിരോധനം ഒരാഴ്ചയ്ക്കകം പിൻവലിക്കാൻ സിന്ധ് ഹൈക്കോടതി ആഭ്യന്തര മന്ത്രാലയത്തോട് നിർദേശിച്ചതായും റിപ്പോർട്ടുകളുണ്ട്. രാജ്യത്തിന്റെ വിവിധ കോടതികളിൽ എക്സിന്റെ നിരോധനം സംബന്ധിച്ച് ഹർജികൾ നിലനിൽക്കുന്നുണ്ട്.

# രാമനവമി ഘോഷയാത്രയിൽ വിദ്വേഷ പാട്ട് പാടി ബിജെപി എം. എൽ. എ രാജാസിങ്

ഹൈദരാബാദ്: പൊലീസ് അനുമതി നിഷേധിച്ചിട്ടും വെല്ലുവിളിച്ച് നടത്തിയ രാമനവമി ഘോഷയാത്രയിൽ ഇസ്ലാമോഫോബിക്- വിദ്വേഷ പാട്ട് പാടി തെലങ്കാനയിലെ വിവാദ ബിജെപി എം.എൽ.എ രാജാ സിങ്. ധൂൽപേട്ടിലെ ആകാശ്പുരി ഹനുമാൻ ക്ഷേത്രത്തിൽ നിന്നും ആരംഭിച്ച ശോഭായാത്രയിലാണ് ?ഗോഷാമഹൽ ബിജെപി എം.എൽ.എ വിദ്വേഷ പാട്ട് പാടിയത്.

ഡിജെ മ്യൂസിക് സിസ്റ്റം വച്ച വാഹനത്തിന് മുകളിൽ കയറി നിന്നായിരുന്നു ഇയാൾ യാത്ര നയിച്ചത്. പൊലീസ് അനുമതി നൽകാതിരുന്നിട്ടും അത് ലംഘിച്ചായിരുന്നു ശോഭായാത്ര. എന്തുവന്നാലും ശോഭായാത്ര നടത്തുമെന്ന് ഇയാൾ ചൊവ്വാഴ്ച പൊലീസിനെ വെല്ലുവിളിച്ചിരുന്നു.

ആയുധങ്ങളേന്തിയ പത്തിലേറെ സുരക്ഷാജീവനക്കാർക്കൊപ്പമായിരുന്നു രാജാ സിങ് വിവിധ പോയിന്റുകളിൽ ആളുകളെ അഭിസംബോധന ചെയ്തത്. ഞങ്ങൾ തീക്കനലുകളാണ്. ഞങ്ങൾ കൊടുങ്കാറ്റാണ്. കേട്ടോ പാകിസ്താനി മൊല്ലകളേ, നിങ്ങളെ ഭാരത്തിൽ നിന്നും ഉന്മൂലനം ചെയ്യാനാണ് ഞങ്ങൾ വന്നിരിക്കുന്നത് എന്ന് തുടങ്ങുന്ന പാട്ടാണ് തടിച്ചുകൂടിയ അണികളെ സാക്ഷി നിർത്തി ഇയാൾ മൈക്കിലൂടെ ഉച്ചത്തിൽ പാടിയത്.

എല്ലാ ക്ഷേത്രങ്ങളിലും ഹനുമാൻ ചാലിസ പാരായണം സംഘടിപ്പിക്കാനും രാജാ സിങ് ആളുകളോട് ആവശ്യപ്പെട്ടു. "നാമെല്ലാവരും പ്രാദേശിക ക്ഷേത്രങ്ങളിൽ ഒത്തുകൂടുമ്പോൾ നമ്മൾ ഐക്യപ്പെടും. നാമെല്ലാവരും അത് ചെയ്യണം- രാജാ സിങ് പറഞ്ഞു. സീതാരാംബാഗ് ക്ഷേത്രത്തിൽ നിന്നാരംഭിച്ച ഘോഷയാത്ര ആസിഫ്നഗർ, മംഗൾഹട്ട്, ധൂൽപേട്ട്, ജുമേറാത്ത് ബസാർ, ബീഗം ബസാർ, സിദ്ധിയംബർ ബസാർ, ഗൗളിഗുഡ, കോട്ടി, സുൽത്താൻ ബസാർ വഴി ഹനുമാൻ വ്യാമശാലയിൽ സമാപിച്ചു.


സംഘർഷ സാധ്യത കണക്കിലെടുത്ത് റാലി കടന്നുപോവുന്ന പ്രദേശങ്ങളിൽ വൻ പൊലീസ് സേനയെ വിന്യസിച്ചിരുന്നു. അതേസമയം, അനുമതിയില്ലാതിരുന്നിട്ടും റാലി സംഘടിപ്പിക്കുകയും വിദ്വേഷ പരാമർശങ്ങൾ നടത്തുകയും ചെയ്ത സംഭവത്തിൽ ഇയാൾക്കെതിരെ പൊലീസ് കേസെടുത്തിട്ടില്ല.

പ്രവാചക നിന്ദയടക്കം നിരവധി മതവിദ്വേഷ പ്രസം?ഗങ്ങൾ നടത്തി കുപ്രസിദ്ധനായ ബിജെപി നേതാവാണ് രാജാ സിങ്. വിദ്വേഷ പ്രസംഗം നടത്തിയതിന് രാജാ സിങ്, മഹാരാഷ്ട്ര എം.എൽ.എ നിതേഷ് റാണെ എന്നീ ബി.ജെ.പി നിയമസഭാം?ഗങ്ങൾക്കെതിരെ ജനുവരിയിൽ മഹാരാഷ്ട്ര പൊലീസ് കേസെടുത്തിരുന്നു. സോലാപൂരിൽ 'ഹിന്ദു ജൻ ആക്രോശ്' യാത്രയിൽ നടത്തിയ വിദ്വേഷ പ്രസംഗത്തിന്റെ പേരിലായിരുന്നു നടപടി.

മുസ്ലിം വ്യാപാരികളെ ഹിന്ദുക്കൾ ബഹിഷ്കരിക്കണമെന്നും രാജാ സിങ് ആവശ്യപ്പെട്ടിരുന്നു. പ്രവാചകനെതിരെ അപകീർത്തികരമായ പരാമർശം നടത്തിയതിന് നേരത്തെ ബിജെപി ഇയാളെ സസ്പെൻഡ് ചെയ്തിരുന്നു. എന്നാൽ തെലങ്കാന നിയമസഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിന് പിന്നാലെ ഇയാളുടെ സസ്പെൻഷൻ പിൻവലിച്ച് ഘോഷാമഹൽ മണ്ഡലത്തിൽ മത്സരിപ്പിക്കുകയായിരുന്നു.

## അവിഹിത ബന്ധമെന്ന് സംശയം; മകളെയും അമ്മാവനേയും കഴുത്തറുത്ത് കൊന്ന് പിതാവും മകനും

ന്യൂഡൽഹി: അവിഹിത ബന്ധം സംശയിച്ച് മകളെയും അമ്മാവനായ യുവാവിനേയും കഴുത്തറുത്ത് കൊന്ന് പിതാവ്. മകന്റെ സഹായത്തോടെയാണ് ഇയാൾ ഇരുവരേയും വകവരുത്തിയത്. സംഭവത്തിൽ ഇരുവരെയും അറസ്റ്റ് ചെയ്തതായി പൊലീസ് പറഞ്ഞു. കിഴക്കൻ ഡൽഹിയിലെ ഭജൻപുര മേഖലയിലാണ് സംഭവം.ഉത്തർപ്രദേശിലെ ബുലന്ദ്ഷഹറിൽ നിന്നുള്ള ഡാനിഷ് (35), ഗോണ്ടയിൽ താമസിക്കുന്ന ഷൈന (22) എന്നിവരാണ് കൊല്ലപ്പെട്ടത്. പുലർച്ചെ 4.30ഓടെയാണ് സംഭവം നടന്നതെന്ന് പൊലീസ് പറഞ്ഞു. കൂടാതെ 4.40ന് ഭജൻപുര പൊലീസ് സ്റ്റേഷനിൽ ഒരു കോൾ വന്നു. താനും പിതാവും ചേർന്ന് സഹോദരിയെയും അമ്മാവനെയും കൊലപ്പെടുത്തിയെന്നും കീഴടങ്ങാൻ ആഗ്രഹിക്കുന്നുവെന്നും വിളിച്ചയാൾ പറഞ്ഞു.ഇതോടെ, വടക്കൻ ഗോണ്ടയിലെ ഗാലി നമ്പർ 5ൽ പൊലീസ് സംഘമെത്തി. തുടർന്ന് പ്രതികളായ മുഹമ്മദ് ഷാഹിദ് (46), മകൻ കുദുഷ് (20) എന്നിവരെ പൊലീസ് അറസ്റ്റ് ചെയ്തു.



# കാറും ട്രക്കും കൂട്ടിയിടിച്ച് പത്ത് മരണം

അഹമ്മദാബാദ്: ഗുജറാത്തിൽ കാറും ട്രക്കും കൂട്ടിയിടിച്ച് പത്ത് മരണം. അഹമ്മദാബാദ്-വഡോദര എക്സ്പ്രസ് വേയിലാണ് അപകടം. രണ്ട് ആംബുലൻസുകളിലായി പരിക്കേറ്റവരെ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

എട്ട് പേർ അപകട സ്ഥലത്തുവെച്ച് തന്നെ മരിച്ചു. ഗുരുതര പരിക്കേറ്റ രണ്ട് പേർ ആശുപത്രിയിലേക്ക് എത്തിക്കുന്നതിനിടെയാണ് മരിച്ചത്. ഗുരുതര പരിക്കുകളോടെ ഒരാൾ ആശുപത്രിയിലുണ്ട്. മരണപ്പെട്ടവരെല്ലാം കാറിലുണ്ടായിരുന്നവരാണ്.

വഡോദരയിൽ നിന്ന് അഹമ്മദാബാദിലേക്ക് പോവുകയായിരുന്ന മാരുതി സുസുക്കി എർട്ടിഗയാണ് അപകടത്തിൽപെട്ടത്. ട്രക്കിന് പിന്നിലാണ് കാർ ഇടിച്ചത്. തകരാർ മൂലം റോഡിൽ ട്രക്ക് നിൽക്കുകയും അതിന് പിന്നിൽ കാർ ഇടിക്കുകയുമായിരുന്നുവെന്നാണ് വിവരം.

## കാർ ബൈക്കിലിടിച്ചു; മൃതദേഹവുമായി വാഹനം പാഞ്ഞത് 18 കി. മീ

ബൈക്കുമായി കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ മരിച്ചയാളുടെ മൃതദേഹവുമായി കാർ സഞ്ചരിച്ചത് 18 കിലോമീറ്റർ. ആന്ധ്രാപ്രദേശിലെ അനന്തപൂർ ജില്ലയിലാണ് സംഭവം.

ഞായറാഴ്ച രാത്രി എട്ട് മണിയോടെയാണ് അപകടമുണ്ടായത്. ഓടിക്കൊണ്ടിരിക്കുന്ന ടൊയോട്ട ഇന്നോവയുടെ മുകളിൽ ഒരു മൃതദേഹം കിടക്കുന്നതു കണ്ടതായി ഒരാൾ പൊലീസിനെ അറിയിക്കുകയായിരുന്നു. പൊലീസ് ഉദ്യോഗസ്ഥർ ഉടൻ തന്നെ വാഹനം കണ്ടെത്തി മൃതദേഹം താഴെയിറക്കി.ബൈക്ക് ഓടിച്ചിരുന്ന യെരിസാമിയാണ് കൊല്ലപ്പെട്ടത്. സംഭവം ഗ്രാമവാസികൾ പൊലീസിനെ അറിയിച്ചതിനെ തുടർന്ന് ഓടി രക്ഷപ്പെട്ട കാർ ഡ്രൈവർ ഇപ്പോഴും ഒളിവിലാണ്. ഇയാളെ പിടികൂടാനുള്ള ശ്രമങ്ങൾ പുരോഗമിക്കുകയാണെന്ന് പൊലീസ് ഉദ്യോഗസ്ഥർ പറഞ്ഞു.

സംഭവത്തിൽ കൊലപാതകത്തിന് കേസെടുത്ത് കൂടുതൽ അന്വേഷണം നടത്തിവരികയാണെന്നും പൊലീസ് അറിയിച്ചു.

## മുസ്ലിം അഭിഭാഷകരോട് മതപരമായ വിവേചനം; ജഡ്ജിയെ വിളിച്ചുവരുത്തി അലഹാബാദ് ഹൈക്കോടതി

അലഹാബാദ്: മുസ്ലിം വിഭാഗത്തിൽ പെട്ട അഭിഭാഷകരോട് മതപരമായ വിവേചനം കാണിക്കുന്നുവെന്ന ആരോപണത്തെ തുടർന്ന് മുതിർന്ന ജഡ്ജി വിവേകാന്ദ് ശരൺ ത്രിപാഠിയെ അലഹാബാദ് ഹൈക്കോടതി വിളിച്ചുവരുത്തി. 'ഒരു പ്രത്യേക സമുദായത്തിനെതിരെ ജഡ്ജിന്റെ നിരീക്ഷണങ്ങൾ അപമര്യാദയോട് കൂടിയുള്ളതാണെന്ന് ചൂണ്ടിക്കാണിച്ചാണ് കോടതി നടപടി.

നിർബന്ധിത മതപരിവർത്തനം ആരോപിച്ച് മുസ്ലിം പുരോഹിതൻമാരായ മുഹമ്മദ് ഉമർ ഗൗതം, മുഫ്തി ഖാസി ജഹാംഗീർ ആലം ഖാസ്മി എന്നിവർക്കെതിരെ ഉത്തർപ്രദേശിലെ തീവ്രവാദ വിരുദ്ധ സ്ക്വാഡ് നൽകിയ കേസിന്റെ വിചാരണക്കിടയിലാണ് സംഭവം.

വെള്ളിയാഴ്ച പ്രാർത്ഥനയ്ക്കായി കോടതി ഇടവേള അനുവദിക്കണമെന്ന മുസ്ലിം അഭിഭാഷകരുടെ അപേക്ഷ അഡീഷണൽ ജില്ലാ സെഷൻസ് ജഡ്ജി വിവേകാനന്ദ് ശരൺ ത്രിപാഠി മുമ്പ് നിരസിച്ചിരുന്നു. പ്രാർത്ഥനയ്ക്ക് പോകുന്ന് അഭിഭാഷകർക്ക് പകരം അമിക്കസ് ക്യൂറിയെ നിയമിക്കുകയും ചെയ്തു. ഇവർ പ്രാർത്ഥനയ്ക്ക് പോകുന്ന സമയത്ത് കുറ്റാരോപിതരായ വ്യക്തികൾക്കുവേണ്ടി അമിക്കസ് ക്യൂരി ഹജരാകണമെന്നും ഉത്തരവിട്ടു.

പ്രതികളിലൊരാൾ ഹൈക്കോടതിയെ സമീപിച്ചതിനെത്തുടർന്ന് വിചാരണക്കോടതി പുറപ്പെടുവിച്ച ഉത്തരവുകൾ ജസ്റ്റിസ് ഷമീം അഹമ്മദ് കഴിഞ്ഞ മാസം സ്റ്റേ ചെയ്തിരുന്നു. ഹൈക്കോടതി ഉത്തരവിനെത്തുടർന്ന് പ്രതികൾക്ക് വേണ്ടി ഹാജരാകാൻ വിചാരണക്കോടതി മുസ്ലിം അഭിഭാഷകർക്ക് അനുമതി നൽകി. എന്നാൽ ഇലക്ട്രോണിക് തെളിവുകൾക്കായുള്ള അപേക്ഷയിൽ തീർപ്പാക്കിയില്ല.

വിചാരണക്കോടതിയുടെ നടപടി ഹൈക്കോടതി ശക്തമായ എതിർപ്പ് രേഖപ്പെടുത്തുകയും സ്റ്റേയുടെ ഗൗരവം മനസ്സിലാക്കുന്നതിൽ ജഡ്ജി പരാജയപ്പെട്ടുവെന്നും ഏകപക്ഷീയമായ രീതിയിലാണ് മുന്നോട്ട് പോയതെന്നും കോടതി പറഞ്ഞു.

ഒരു പ്രത്യേക മതത്തിൽ പെട്ടവരായതിനാൽ വിചാരണ വേളയിൽ അപേക്ഷകന്റെ അഭിഭാഷകൻ ഹാജരായില്ലെന്ന' ജഡ്ജിന്റെ നിരീക്ഷണത്തെയും കോടതി വിമർശിച്ചു. വ്യക്തിപരമായ പെരുമാറ്റത്തിലൂടെ ഒരു ജഡ്ജി മോശമായി പെരുമാറുന്നത് അവരുടെ ജുഡീഷ്യറിയുടെ സത്യസന്ധതയെ ചോദ്യം ചെയ്യുന്നതാണെന്നും കോടതി അഭിപ്രായപ്പെട്ടു. അതേസമയം ഹരജിക്കാരനെതിരായ വിചാരണ തുടരുന്നതിൽ നിന്ന് വിചാരണക്കോടതിയെ ഹൈക്കോടതി വിലക്കി. തുടർന്ന് ജുഡീഷ്യൽ ഓഫീസറെ വിളിച്ചുവരുത്തി കോടതി ഉത്തരവുകൾ സംബന്ധിച്ച് വിശദീകരണം തേടുകയും ചെയ്തു.

തിങ്കളാഴ്ച ജഡ്ജി ത്രിപാഠി സിംഗിൾ ജഡ്ജിക്ക് മുന്നിൽ ഹാജരായി മാപ്പ് പറഞ്ഞു. തെറ്റിദ്ധരിപ്പിച്ചാണ് താൻ ഉത്തരവുകൾ പാസാക്കിയതെന്നും ഭാവിയിൽ ജാഗ്രത പാലിക്കുമെന്നും അദ്ദേഹം പറഞ്ഞു. സത്യവാങ്മൂലം സമർപ്പിക്കാൻ രണ്ടു ദിവസത്തെ സാവകാശം ത്രിപാഠിയുടെ അഭിഷകൻ തേടിയതോടെ കേസ് പതിനെട്ടിലേക്കു മാറ്റി.

# സൗത്ത് ആഫ്രിക്കയെ വീഴ്ത്തി ശ്രീലങ്ക

ശ്രീലങ്ക വുമൺസും-സൗത്ത് ആഫ്രിക്ക വുമൺസും തമ്മിലുള്ള മൂന്ന് ഏകദിന മത്സരങ്ങളുടെ പരമ്പരയിലെ അവസാന മത്സരത്തിൽ ശ്രീലങ്കക്ക് ആറ് വിക്കറ്റുകളുടെ തകർപ്പൻ വിജയം. സെൻവെസ് പാർക്കിൽ നടന്ന മത്സരത്തിൽ ടോസ് നേടിയ ലങ്ക എതിരാളികളെ ബാറ്റിങ്ങിനയക്കുകയായിരുന്നു.

മത്സരത്തിൽ ആദ്യം ബാറ്റ് ചെയ്ത സൗത്ത് ആഫ്രിക്ക 50 ഓവറിൽ അഞ്ചു വിക്കറ്റ് നഷ്ടത്തിൽ 301 റൺസാണ് നേടിയത്. വിജയലക്ഷ്യം പിന്തുടർന്നിറങ്ങിയ ശ്രീലങ്ക 44.3 ഓവറിൽ നാല് വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം മറികടക്കുകയായിരുന്നു.

ഈ തകർപ്പൻ വിജയത്തിന് പിന്നാലെ ഒരു ചരിത്ര നേട്ടമാണ് ശ്രീലങ്ക സ്വന്തമാക്കിയത്. വുമൺസ് ഏകദിനത്തിൽ 300+ റൺസ് പിന്തുടർന്ന് വിജയിക്കുന്ന ആദ്യ ടീം എന്ന നേട്ടമാണ് ശ്രീലങ്ക സ്വന്തമാക്കിയത്.

ആദ്യം ബാറ്റ് ചെയ്ത സൗത്ത് ആഫ്രിക്കയ്ക്കായി ക്യാപ്റ്റൻ ലൗറ വോൾവാർട്ട് 147 പന്തിൽ പുറത്താവാതെ 184 നേടി മിന്നും പ്രകടനമാണ് നടത്തിയത്. 23 ഫോറുകളും നാല് സിക്സുകളും ആണ് സൗത്ത് ആഫ്രിക്കൻ ക്യാപ്റ്റന്റെ ബാറ്റിൽ നിന്നും പിറന്നത്. മാരിസാനെ കാപ്പ് 34 പന്തിൽ 36 റൺസും നാദിനെ ഡി ക്ലർക്ക് 48 പന്തിൽ 35 റൺസും ലാറ ഗുഡാൾ 55 പന്തിൽ 31 റൺസും നേടി മികച്ച പ്രകടനം നടത്തി.

ശ്രീലങ്കയുടെ ബൗളിങ്ങിൽ കവിശാ ദിൽഹാരി രണ്ടു വിക്കറ്റും ക്യാപ്റ്റൻ ചമാരി അത്തപ്പട്ടു ഒരു വിക്കറ്റും നേടി മികച്ച പ്രകടനം നടത്തി.

മറുപടി ബാറ്റിങ്ങിനിറങ്ങിയ ശ്രീലങ്ക ക്യാപ്റ്റൻ ചമാരിയുടെ വെടികെട്ട് ഇന്നിങ്സിന്റെ കരുത്തിലാണ് ജയിച്ചു കയറിയത്. 139 പന്തിൽ പുറത്താവാതെ 195 റൺസ് നേടികൊണ്ടായിരുന്നു ചമാരിയുടെ തകർപ്പൻ പ്രകടനം. 26 ഫോറുകളും അഞ്ച് സിക്സുകളുമാണ് ലങ്കൻ ക്യാപ്റ്റൻ നേടിയത്.

ചമാരിക്ക് പുറമേ നികാശി ഡി സിൽവ 71 പന്തിൽ പുറത്താവാതെ 50 റൺസും നേടി വിജയത്തിൽ നിർണായക പങ്കുവഹിച്ചു.



# ചാമ്പ്യൻസ് ലീഗ്; ഷൂട്ടൗട്ടിൽ സിറ്റിയെ തോൽപ്പിച്ച് റയൽ സെമിയിൽ

## ആഴ്സണൽ കടന്ന് ബയേണും

യുവേഫ ചാമ്പ്യൻസ് ലീഗ് ഫുട്ബോളിൽ റയൽ മാഡ്രിഡ്, ബയേൺ മ്യൂണിക്ക് ടീമുകൾ സെമിയിൽ പ്രവേശിച്ചു. വ്യാഴാഴ്ച നടന്ന ആവേശകരമായ മത്സരത്തിൽ പെനാൽറ്റി ഷൂട്ടൗട്ടിൽ മാഞ്ചെസ്റ്റർ സിറ്റിയെ തോൽപ്പിച്ചാണ് റയൽ സെമിയിൽ പ്രവേശിച്ചതെങ്കിൽ, എതിരില്ലാത്ത ഒരു ഗോളിന് ആഴ്സണലിനെ തകർത്താണ് ബയേൺ സെമി പ്രവേശം സാധ്യമാക്കിയത്.

ആദ്യപാദ മത്സരത്തിൽ 3-3 എന്ന സമനിലയിലായിരുന്നതിന്റെ ആത്മവിശ്വാസത്തിലാണ് റയലും സിറ്റിയും രണ്ടാം പാദത്തിന് കൊമ്പുകോർക്കാനിറങ്ങിയത്. നിശ്ചിത സമയത്തും എക്സ്ട്രാ സമയത്തും 1-1 എന്ന നിലയിലായതോടെ അഗ്രിഗേറ്റ് സ്കോർ 4-4 എന്ന നിലയിലായി. ഇതോടെ ഷൂട്ടൗട്ടിലേക്ക് നീണ്ട കളി, 4-3ന് റയൽ മാഡ്രിഡ് ജയിച്ചു.

12-ാം മിനിറ്റിൽ റോഡ്രിഗോയാണ് റയലിനായി ആദ്യ ഗോൾ നേടിയത്. വിനീഷ്യസ് നൽകിയ പാസ് റോഡ്രിഗോ വലയിലേക്ക് ചലിപ്പിച്ചെങ്കിലും മാഞ്ചെസ്റ്റർ ഗോൾക്കീപ്പർ എഡേഴ്സൺ തടഞ്ഞിട്ടു. റീബൗണ്ടിൽ റോഡ്രിഗോ പന്ത് വലയിലെത്തിക്കുകയായിരുന്നു. രണ്ടാം പകുതിയിലെ 76-ാം മിനിറ്റിലാണ് പിന്നീട് സിറ്റിയുടെ തിരിച്ചടിയുണ്ടായത്. ഡോകു നൽകിയ അസിസ്റ്റിൽ ഡി ബ്രുയിൻ മത്സരം സമനിലയിലെത്തിച്ചു. അതേ നിലയിൽ ത്തന്നെ നിശ്ചിത സമയം അവസാനിക്കുകയും എക്സ്ട്രാ ടൈമിലേക്ക് നീളുകയും ചെയ്തെങ്കിലും പിന്നീട് ഗോളൊന്നും പിറന്നില്ല. അതോടെ ഷൂട്ടൗട്ടിലെത്തി.റയലിനുവേണ്ടി ബെല്ലിങ്ഹാം, വാസ്കസ്, നാചോ, റുദിഗർ എന്നിവർ കിക്ക് വലയിലെത്തിച്ചു. ആദ്യ കിക്കെടുത്ത മോഡ്രിച്ചിന്റെ ഷോട്ട് എഡേഴ്സൺ പ്രതിരോധിച്ചു. സിറ്റിക്കുവേണ്ടി ജൂലിയൻ അൽവാരസ്, ഫോഡൻ, എഡേഴ്സൺ എന്നിവർ ലക്ഷ്യത്തിലെത്തിച്ചപ്പോൾ, രണ്ടാം കിക്കെടുത്ത ബെർണാഡോയുടെയും മൂന്നാം കിക്കെടുത്ത കൊവചിചിന്റെയും കിക്കുകൾ ലുനിൻ തടഞ്ഞു.



സെമിയിലെത്തിയ റയൽ താരങ്ങളുടെ ആഹ്ലാദം

സ്വന്തം ഹോം ഗ്രൗണ്ടിൽ നടന്ന രണ്ടാം പാദ ക്വാർട്ടർ ഫൈനലിൽ ഒരു ഗോളിന്റെ ജയം നേടിയാണ് ബയേൺ മ്യൂണിച്ച് സെമി ഉറപ്പിച്ചത്. ആഴ്സണലിന്റെ ഹോം ഗ്രൗണ്ടിൽ നടന്ന ആദ്യ പാദത്തിൽ 2-2 എന്ന സ്കോറിലായിരുന്നു കളി അവസാനിച്ചത്. കിമ്മിച്ചിന്റെ ഗോളിലൂടെ അഗ്രിഗേറ്റ് സ്കോറിൽ ബയേൺ 3-2 എന്ന നിലയിൽ മുന്നിലെത്തി.

ഗോൾ രഹിതമായ ഒന്നാം പകുതിക്കുശേഷമാണ് കിമ്മിച്ചിന്റെ ഗോൾ വന്നത്. 63-ാം മിനിറ്റിൽ ഗുറേറോ നൽകിയ ക്രോസ് മികച്ച ഒരു ഹെഡറിലൂടെ കിമ്മിച്ച് വലയിലെത്തിക്കുകയായിരുന്നു. തുടർന്ന് ആഴ്സണൽ തിരിച്ചടിക്കാൻ കിണഞ്ഞ് ശ്രമിച്ചെങ്കിലും ബയേൺ പ്രതിരോധത്തെ മറികടക്കാനായില്ല. സെമി ഫൈനലിൽ റയൽ മാഡ്രിഡാണ് ബയേണിന്റെ എതിരാളി.

# യൂറോപ്പ ലീഗ്, ലിവർപൂളിന് സെമിയിൽ എത്താൻ ഇന്ന് അത്ഭുതം കാണിക്കണം

ഇന്ന് യൂറോപ്പ ലീഗ് ക്വാർട്ടർ ഫൈനൽ രണ്ടാം പാദ മത്സരത്തിൽ അറ്റലാന്റ ലിവർപൂളിനെ നേരിടും. ആദ്യപാദത്തിൽ ലിവർപൂൾ അറ്റ്ലാന്റയോട് 3-0 എന്ന വലിയ പരാജയം ഏറ്റുവാങ്ങിയിരുന്നു.

അതും ലിവർപൂളിന്റെ ഹോം ഗ്രൗണ്ട് ആയ ആൻഫീൽഡിൽ വച്ചായിരുന്നു പരാജയം. ഇന്ന് അറ്റ്ലാന്റയുടെ ഹോം ഗ്രൗണ്ടിൽ വച്ചാണ് രണ്ടാം പാദം മത്സരം നടക്കുന്നത്. ഇന്ന് അതേ മാർജിൻ എങ്കിലും വിജയിച്ചാൽ മാത്രമേ ലിവർപൂളിന് പ്രതീക്ഷകൾ ഉള്ളൂ.

കഴിഞ്ഞ മത്സരത്തിൽ പ്രീമിയർ ലീഗിൽ ക്രിസ്റ്റൽ പാലസിനോടും കൂടെ പരാജയപ്പെട്ട ലിവർപൂൾ അത്ര നല്ല ഫോമിൽ അല്ല. തുടർച്ചയായ രണ്ടു പരാജയങ്ങളിൽ നിന്ന് തിരിച്ചു വരുവാൻ ലിവർപൂളിന് ആകുമോ എന്ന് കണ്ടറിയണം. ഇന്ന് രാത്രി 12 30ന് നടക്കുന്ന കളി സോണി ലൈവിൽ തത്സമയം കാണാം.

മറ്റു ക്വാർട്ടർ ഫൈനൽ മത്സരങ്ങളിൽ റോമ എസി മിലാനെയും, വെസ്റ്റ് ഹാം യുണൈറ്റഡ് ലെവർകൂസനെയും, മാഴ്സെ ബെൻഫികയെയും നേരിടും.

# ഗുജറാത്തിനെതിരെ ഡൽഹിക്ക് ആറു വിക്കറ്റ് ജയം



# ചാമ്പ്യൻസ് ലീഗ് തോൽവിക്കു പിന്നാലെ റഫറിക്കെതിരേ ആഞ്ഞടിച്ച് സാവി

ഹമ്മദാബാദ്: ആദ്യം ബൗളർമാരുടെ തകർപ്പൻ പ്രകടനം. അതിവേഗത്തിൽ കളിതീർത്ത് ബാറ്റർമാരും. ഗുജറാത്ത് ടൈറ്റൻസിനെതിരെ സീസണിലെ അതിവേഗ വിജയം സ്വന്തമാക്കി ഡൽഹി ക്യാപിറ്റൽസ്. ഗുജറാത്ത് വിജയലക്ഷ്യമായ 90 റൺസ് വെറും 8.5 ഓവറിൽ നാല് വിക്കറ്റ് നഷ്ടത്തിൽ ഡൽഹി മറികടന്നു. ഫ്രേസർ മഗ്ഗർക്ക് 20 റൺസുമായി ഡൽഹി നിരയിലെ ടോപ് സ്കോററായി. ഷായ് ഹോപ്സ്(19) ,ഋഷഭ് പന്ത് (16) നോട്ടൗട്ട്, അഭിഷേക് പൊരെൽ(15) എന്നിവരും മികച്ചുനിന്നു. ഗുജറാത്ത് നിരയിൽ ആദ്യ മത്സരം കളിച്ച മലയാളി താരം സന്ദീപ് വാര്യർ രണ്ട് വിക്കറ്റുമായി തിളങ്ങി.

നേരത്തെ ടോസ് നഷ്ടമായി ബാറ്റിങ്ങിനിറങ്ങിയ ഗുജറാത്തിന് സ്വന്തം തട്ടകമായ നരേന്ദ്രമോദി സ്റ്റേഡിയത്തിൽ തുടക്കം മുതൽ പിഴക്കുകയായിരുന്നു. ക്യാപ്റ്റൻ ശുഭ്മാൻ ഗില്ലിനെയാണ് ആദ്യം നഷ്ടമായത്. എട്ട് റൺസെടുത്ത താരത്തെ ഇഷാന്ത് ശർമ്മ പൃഥ്വിഷായുടെ കൈകളിലെത്തിച്ചു. തൊട്ടുപിന്നാലെ വൃദ്ധിമാൻ സാഹയെ(2)മുകേഷ് കുമാർ ക്ലീൻ ബൗൾഡാക്കി. മികച്ചരീതിയിൽ കളിച്ചുവരികയായിരുന്ന സായ് സുദർശനെ(12)സുമിത് കുമാർ റണ്ണൗട്ടാക്കി. തൊട്ടുപിന്നാലെ ഇഷാന്ത് ശർമ്മയുടെ ഓവറിൽ



വിക്കറ്റ് നേട്ടം ആഘോഷിക്കുന്ന ഡൽഹി താരങ്ങൾ

മികച്ച ഡൈലവിങ് ക്യാച്ചിൽ ഡേവിഡ് മില്ലറിനെ(2) ഇഷാന്ത് ശർമ്മയും കൈപിടിയിലൊതുക്കിയതോടെ പവർപ്ലേയിൽ ഗുജറാത്തിന് നാല് വിക്കറ്റ് നഷ്ടമായി. പിന്നീട് ഒരുഘട്ടത്തിൽ പോലും ആതിഥേയർക്ക് തിരിച്ചു വരാനായില്ല. 17.3 ഓവറിൽ 89 റൺസിന് എല്ലാവരും പുറത്തായി. 24 പന്തിൽ 31 റൺസെടുത്ത റാഷിദ് ഖാനാണ് ടോപ് സ്കോറർ.

ഡൽഹിക്കായി പേസർ മുകേഷ് കുമാർ മൂന്ന് വിക്കറ്റും ഇഷാന്ത് ശർമ്മയും ട്രിസ്റ്റൻസ്റ്റബ്സും രണ്ട് വിക്കറ്റ് വീതവും നേടി. ബാറ്റിങ്ങിന് പുറമെ ഒരുക്യാച്ചും രണ്ട് സ്റ്റമ്പിങ്ങുമായി ഡൽഹി ക്യാപ്റ്റൻ ഋഷഭ് പന്ത് വിക്കറ്റിന് പിറകിൽ മികച്ചപ്രകടനം നടത്തി. അഭിനവ് മനോഹർ(8), രാഹുൽ തെവാട്ടിയ(10), ഇംപാക്ട് പ്ലെയറായി ക്രീസിലെത്തിയ ഷാറൂഖ് ഖാൻ(0) എന്നിവരും വേഗത്തിൽ മടങ്ങി. ബൗളിങ്ങിന് പുറമെ ഫീൽഡിങ്ങിലും സന്ദർശകർ മിന്നും പ്രകടനമാണ് നടത്തിയത്. മികച്ച റൺറേറ്റിൽ വിജയം നേടിയതോടെ ഡൽഹി പോയന്റ് ടേബിളിൽ ആറാം സ്ഥാനത്തേക്കുയർന്നു. ഗുജറാത്ത് ഏഴിലേക്ക് വീണു.

ബാഴ്സലോണ: ചാമ്പ്യൻസ് ലീഗ് ക്വാർട്ടർ രണ്ടാം പാദ മത്സരത്തിൽ പിഎസ്ജിയോടേറ്റ തോൽവിക്കു പിന്നാലെ റഫറിക്കെതിരേ ആഞ്ഞടിച്ച് ബാഴ്സലോണ പരിശീലകൻ സാവി ഹെർണാണ്ടസ്. മത്സര ശേഷം നിങ്ങളൊരു ദുരന്തമാണെന്ന് റഫറി ഇസ്ത്വാൻ കൊവാച്ചിനോട് താൻ പറഞ്ഞതായും സാവി വെളിപ്പെടുത്തി. റഫറിയോട് കയർത്തതിന് സാവിക്കും ചുവപ്പുകാർഡ് ലഭിച്ചിരുന്നു.

പാരീസിൽ നടന്ന ആദ്യ പാദ മത്സരത്തിൽ പിഎസ്ജിയെ 3-2ന് കീഴടക്കിയ ബാഴ്സലോണ പക്ഷേ സ്വന്തം മൈതാനത്ത് നടന്ന രണ്ടാം പാദ മത്സരത്തിൽ 4-1ന്റെ തോൽവി വഴങ്ങി ചാമ്പ്യൻസ് ലീഗിൽ നിന്ന് പുറത്തായിരുന്നു. ഇരുപാദങ്ങളിലുമായി 6-4ന്റെ തോൽവി. 12-ാം മിനിറ്റിൽ തന്നെ ഒരു ഗോൾ സ്കോർ ചെയ്ത് അഗ്രഗേറ്റ് സ്കോർ 4-2ൽ എത്തിച്ച് മത്സരത്തിൽ ആധിപത്യം പുലർത്തിയ ബാഴ്സയെ 29-ാം മിനിറ്റിൽ സെന്റർ ബാക്ക് റൊണാൾഡ് അരോഹോയ്ക്ക് ലഭിച്ച ചുവപ്പു കാർഡാണ് തകർത്തുകളഞ്ഞത്. 10 പേരായി ചുരുങ്ങിപ്പോയ ബാഴ്സയ്ക്കു മേൽ പിന്നീട് പിഎസ്ജി ആധിപത്യം നേടി. ഒരു സീസണിലെ കഠിനാധ്വാനം മുഴുവൻ റഫറിയുടെ ഒരു തീരുമാനത്തിൽ ഇല്ലാതായെന്നും സാവി കുറ്റപ്പെടുത്തി.

അരോഹോയുടെ ചുവപ്പു കാർഡായിരുന്നു കളിയിലെ വഴിത്തിരിവ്. 29-ാം മിനിറ്റിൽ പിഎസ്ജി താരം ബ്രാഡ്‌ലി ബാർകോളയ്ക്കെതിരായ ഫൗളിനായിരുന്നു റൊമാനിയൻ റഫറി ഇസ്ത്വാൻ കൊവാച്ച് അരോഹോയ്ക്ക് നേരിട്ട് ചുവപ്പു കാർഡ് നൽകിയത്. ഇതോടെ കളിയുടെ ഗതി പിഎസ്ജിക്ക് അനുകൂലമായി.

അരോഹോയെ പുറത്താക്കാനുള്ള റഫറിയുടെ തീരുമാനം തെറ്റായിരുന്നുവെന്നും അത് കളിയെ തന്നെ ഇല്ലാതാക്കിയെന്നും സാവി കൂട്ടിച്ചേർത്തു.

# പാരീസ് ഒളിമ്പിക്സിന് ഇനി 100 നാൾ; ഉദ്ഘാടനം ജൂലായ് 26-ന്

ഫ്രാൻസിന് ഒരു നൂറ്റാണ്ടിന്റെ കാത്തിരിപ്പ്, കായികതാരങ്ങൾക്ക് ജീവിതത്തിലെ ഏറ്റവും വലിയ മുഹൂർത്തം, പാരീസിന് ഒരുക്കങ്ങളുടെ ഏഴുവർഷം. കാത്തിരിപ്പും പ്രതീക്ഷയും ഒരുക്കവും അവസാന ലാപ്പിലേക്ക് അടുക്കുന്നു.

ഇനി കൃത്യം നൂറാംനാൾ പാരീസിന്റെ മണ്ണിൽ 33-ാം ഒളിമ്പിക്സിന് ദീപം തെളിയും. മത്സരവേദിയിൽ കൊളുത്താനുള്ള ദീപശിഖ ചൊവ്വാഴ്ച ഗ്രീസിലെ ഒളിമ്പിയയിൽനിന്ന് പ്രയാണം തുടങ്ങി. ജൂലായ് 26-നാണ് ഒളിമ്പിക്സിന്റെ ഉദ്ഘാടനം. തുടർന്ന് 16 നാൾ ദീപശിഖയിലെ വെളിച്ചം ലോകത്തെ പ്രകാശമാനമാക്കും. നാലുവർഷത്തിനുശേഷം വീണ്ടും കാണാമെന്ന പ്രതീക്ഷയിൽ ഓഗസ്റ്റ് 11-ന് പലവഴി പിരിയും.

പുതുമകളെയെല്ലാം പുഞ്ചിരിയോടെ സ്വീകരിച്ച നാടാണ് പാരീസ്. ഒളിമ്പിക്സ് വേദിയിലും പുതുമ കൊണ്ടുവരാൻ അശ്രാന്തപരിശ്രമത്തിലാണവർ. യുദ്ധവും പലായനങ്ങളും വംശഹത്യകളും ഏകാധിപത്യവും കൂട്ടക്കൊലകളും അവസാനമില്ലാതെ തുടരുമ്പോൾ മനുഷ്യന്റെ ഇച്ഛാശക്തി മറ്റെല്ലാ പ്രതിബന്ധങ്ങളെയും മറികടക്കുന്ന അപൂർവസന്തോഷത്തിന്റെ വേദിയാണ് ഒളിമ്പിക്സ്. ഇരുനൂറിലേറെ രാജ്യങ്ങളെ പ്രതിനിധാനംചെയ്ത് 10500 കായികതാരങ്ങൾ ഇവിടെയുണ്ടാകും. ഇത്രയും ആളുകളെ, ഇത്രയേറെ നാടുകളെ, ഇത്രയും വിശാലമായ സ്വപ്നങ്ങളെ, ഇത്രയേറെ പ്രതീക്ഷകളെ ഒന്നിപ്പിക്കുന്ന മറ്റൊരു വേദിയില്ല. ഇവിടെ പരാജിതരില്ല... പങ്കെടുക്കുന്നവരും പങ്കിടുന്നവരും മാത്രം...

ഉദ്ഘാടനം പൊതുവേദിയിൽ

128 വർഷം നീണ്ട ആധുനിക ഒളിമ്പിക്സ് ചരിത്രത്തിൽ ആദ്യമായി, ഉദ്ഘാടനച്ചടങ്ങുകൾ പൊതുവേദിയിൽ നടത്താനുള്ള തയ്യാറെടുപ്പിലാണ് സംഘാടകർ. പാരീസ് നഗരത്തിലൂടെ ഒഴുകുന്ന സീൻ നദിയിലൂടെ ബോട്ടിലായിരിക്കും താരങ്ങളുടെ മാർച്ച് പാസ്റ്റ്.

ഇതുകഴിഞ്ഞ്, ചരിത്രപ്രസിദ്ധമായ ഈഫൽ ടവറിനുമുന്നിലെ ട്രൊക്കാഡെറോ ഉദ്യാനത്തിൽ മത്സരത്തിന്റെ മണിമുഴങ്ങും. പൊതുവേദിയിൽ ഉദ്ഘാടനം നടത്തുമെന്ന് പ്രഖ്യാപിച്ചെങ്കിലും ഇക്കാര്യത്തിൽ അനിശ്ചിതത്വമുണ്ട്.

സുരക്ഷാപ്രശ്നങ്ങളെത്തുടർന്ന് ഈ ശ്രമം ഉപേക്ഷിച്ചേക്കുമെന്നും വാർത്തയുണ്ട്. സുരക്ഷയുടെ കാര്യത്തിൽ സർക്കാരിന് കടുത്ത ആശങ്കയുണ്ട്. ഒളിമ്പിക്സ് അട്ടിമറിക്കാൻ റഷ്യ ശ്രമിക്കുന്നതായി ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ ഈയിടെ പറഞ്ഞിരുന്നു. ഉദ്ഘാടനച്ചടങ്ങിൽ ആറു ലക്ഷത്തോളംപേർ പങ്കെടുക്കുമെന്ന് നേരത്തേ പ്രഖ്യാപിച്ചെങ്കിലും അത് മൂന്നുലക്ഷമായി ചുരുക്കിയത് അതുകൊണ്ടാണ്. ഉദ്ഘാടനത്തിന് പ്ലാൻ 'എ' യും 'ബി'യും 'സി'യുമുണ്ടെന്നും കഴിഞ്ഞദിവസം മാക്രോൺ പറഞ്ഞു.

ഫീജ്

ഭാഗ്യചിഹ്നം

ഫീജാണ് ഒളിമ്പിക്സിന്റെ ഭാഗ്യചിഹ്നം. ഫ്രഞ്ച് വിപ്ലവകാലത്ത് സ്വാതന്ത്ര്യത്തിന്റെ പ്രതീകമായി ധരിച്ചിരുന്ന ഫീജ് തൊപ്പിയിൽനിന്നാണ് ഭാഗ്യചിഹ്നം രൂപപ്പെടുത്തിയത്.



ഒളിമ്പിക് ദീപം, ഗ്രീസിന്റെ മുൻ ഒളിമ്പിക് ജേതാവ് സ്റ്റെഫാനോസ് തൗസ്കോസും (വലത്ത്) ഫ്രഞ്ച് താരം ലൗർ മനോദുവും ഏറ്റുവാങ്ങിയപ്പോൾ

RNI No. 35157/10, Printer, Publisher & Chief Editer P.T. Nizar, Peoples Review, Lynwood (H) Pottangadi Raghavan Road, Opp. HP Petrol Pump, West Nadakkavu, Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.